# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA.ALP/P.1/1154/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 08/11/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.ALP/P.1/1154/2023 തീയ്യതി: 08/11/2023

## ആലപ്പുഴ ജില്ലയിലെ ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 14-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജീവ് ആർ | ഡെപ്യൂട്ടി ഡയറക്ടർ | 16-08-2023 | 23-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-08-2023 | 23-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ജ്യോതിമോൻ .സി.സി,ഓഡിറ്റ് ഓഫീസർ,
ശ്രീ.ശ്രീകാന്ത്.സി.എസ്,അസ്സി.ഓഡിറ്റ് ഓഫീസർ,
ശ്രീമതി.രാജിമോൾ.പി.സി, സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീ.ലക്ഷ്മികാന്ത്,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ .സുധീഷ് റ്റി എസ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി . ശ്രീദേവി കെ ജി | സെക്രട്ടറി | 01-04-2022 | 01-02-2023 |
| ശ്രീമതി. ജയശ്രീ.എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-02-2023 | 14-02-2024 |
| ശ്രീ.എ.ആർശാന്തകുമാർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 15-02-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. പ്രസീജ ആർ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2022 | 17-05-2022 |
| ശ്രീമതി.ബിന്ദു പ്രസാദ് | അസിസ്റ്റന്റ് എൻജിനീയർ | 17-05-2022 | 25-01-2023 |
| ശ്രീമതി. പ്രസീജ ആർ | അസിസ്റ്റന്റ് എൻജിനീയർ | 25-01-2023 | 31-03-2023 |
| ശ്രീമതി .ആശ നായർ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.ഷറഫുദ്ദീൻ .എം | വെറ്ററിനറി സർജൻ | 01-04-2022 | 08-08-2022 |
| ശ്രീ.ടോണി തോപ്പിൽ | വെറ്ററിനറി സർജൻ | 08-08-2022 | 12-09-2022 |
| ശ്രീമതി ഹേന | വെറ്ററിനറി സർജൻ | 12-09-2022 | 31-03-2023 |
| ശ്രീമതി.ഷിനിമോൾ എൻ.ജി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.ലക്ഷ്മി മോഹൻ | മെഡിക്കൽ ഓഫീസർ (സി എച്ച് സി) | 01-04-2022 | 13-10-2022 |
| ഡോ.വിനിത .ടി.വി | മെഡിക്കൽ ഓഫീസർ (സി എച്ച് സി) | 14-10-2022 | 31-03-2023 |
| ഡോ.മനമോഹൻ.എസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ.ശ്രീദേവി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീ.സിബു | ഹെഡ്മാസ്റ്റർ, ഗവയു.പി.എസ് | 01-04-2022 | 31-03-2023 |
| ശ്രീമതി. ജയശ്രീ.എം | അസ്സി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ . മഹേഷ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(ഒറ്റപ്പന്ന) സർക്കിൾ) | 01-04-2022 | 04-05-2022 |
| ശ്രീ . പ്രശാന്ത്.എൻ | വില്ലേജ് എക്സ്റ്റെൻഷൻ | 04-05-2022 | 18-05-2022 |

| | | | |
|---|---|---|---|
| | ഓഫീസർ(ഒറ്റപ്പന്ന) സർക്കിൾ) | | |
| ശ്രീ . പ്രശാന്ത്.എൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(തിരുനെല്ലൂർ സർക്കിൾ) | 01-04-2022 | 30-07-2022 |
| ശ്രീമതി.അശ്വതി .കെ.ജി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(തിരുനെല്ലൂർ സർക്കിൾ) | 24-08-2022 | 31-03-2023 |
| ശ്രീമതി.മൂല്യ മോഹൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ.സൽമോൻ. എസ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(ഒറ്റപ്പന്ന) സർക്കിൾ) | 18-05-2022 | 31-03-2023 |
| ശ്രീ.സൽമോൻ. എസ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(തിരുനെല്ലൂർ സർക്കിൾ) | 30-07-2022 | 24-08-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക-ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല | 1-1-2 |
| 4 | വാടക ഡിമാന്റ് രജിസ്റ്ററും വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ചെലവുകൾ പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | വസ്തുനികുതി-സഞ്ചയ,സാംഖ്യ പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | ബജറ്റ്-അവലോകനം | 1-2-1 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഫണ്ട് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമ പദ്ധതികൾ | 1-7 |
| 16 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 17 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 18 | ടാക്സ് ഓഡിറ്റ് - അവലോകനം | 1-10 |
| 19 | ഓഡിറ്റ് ഇംപാക്ട് - ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ലൈസൻസ് ഫീസിനത്തിലുള്ള 11,000/- രൂപ പഞ്ചായത്തിൽ ഒടുക്കി | 1-11 |
| 20 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുന്നില്ല | 1-12 |
| 21 | ഒക്ക്യൂപ്പൻസി സർട്ടിഫിക്കറ്റിന് അനുസൃതമായി വസ്തുനികുതി ഈടാക്കുന്നില്ല - വരുമാന നഷ്ടം 14,418/- രൂപ | 1-13 |
| 22 | വൈക്കം-തവണക്കടവ് ജങ്കാർ സർവീസ്-ലേല തുക കുടിശ്ശിക നിലനിൽക്കുന്നു | 1-14 |
| 23 | ലൈഫ് ഭവന പദ്ധതി- നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ | 1-15 |
| 24 | തെരുവ് വിളക്ക് പരിപാലനം -നിലവിലുള്ളതിലും അധികം എണ്ണം ലൈറ്റുകൾ സ്ഥാപിച്ചതായി രേഖപ്പെടുത്തി തുക നൽകുന്നു | 1-16 |

| | | |
|---|---|---|
| 25 | പൊതുടാപ്പുകൾ വിച്ഛേദിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-17 |
| 26 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭ്യമാക്കിയിട്ടില്ല | 1-18 |
| 27 | വിൻഡോ മാതൃകയിലുള്ള പത്രപരസ്യങ്ങൾ നിർദ്ദിഷ്ട വലിപ്പത്തിൽ കൂടുതൽ നൽകിയത് അധികചെലവിന് ഇടയാക്കുന്നു | 1-19 |
| 28 | ക്വട്ടേഷൻ ക്ഷണിക്കാതെ വാങ്ങൽ നടത്തി | 1-20 |
| 29 | വീട് പുനരുദ്ധാരണം-പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 1-21 |
| 30 | പദ്ധതികൾ നടപ്പിലാക്കുന്നതിലെ വിമുഖത- വികസന ഫണ്ട് നഷ്ടമാകുവാനിടയാക്കി | 1-22 |
| 31 | പദ്ധതി വിഹിതം- മേഖല തിരിച്ചുള്ള ചെലവ് വിവരം | 1-22-1 |
| 32 | മഴക്കാലപൂർവ്വ ശുചീകരണം - തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ല | 1-23 |
| 33 | വയോജനങ്ങൾക്ക് കട്ടിൽ - ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല | 1-24 |
| 34 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - തൊഴുത്ത് നിർമ്മാണം- എസ്കവേറ്റഡ് എർത്ത് വിനിയോഗിച്ചില്ല | 1-25 |
| 35 | കാലിവീപ്പയുടെ വില,ജി.എസ്.ടി എന്നിവ കുറവ് ചെയ്തില്ല | 1-26 |
| 36 | കാലിവീപ്പയുടെ വിലയും 18% നിരക്കിൽ ജി.എസ്.ടിയും തനത് ഫണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്നു | 1-27 |
| 37 | തൊഴിലുറപ്പ് പദ്ധതി - പ്രവൃത്തി പൂർത്തിയായതിന് ശേഷമുള്ള തിയതിയിൽ മസ്റ്റർ റോൾ തയ്യാറാക്കി കൂലി വിതരണം ചെയ്തു | 1-28 |
| 38 | തൊഴിലുറപ്പ് പദ്ധതി - ജി.എസ്.ടി ഈടാക്കിയില്ല | 1-29 |
| 39 | തൊഴിലുറപ്പ് പദ്ധതി - എർത്ത് ഫില്ലിംഗ് കൺസോളിഡേഷൻ കുറവ് ചെയ്തില്ല | 1-30 |
| 40 | കരാർ പ്രവൃത്തിക്ക് ഇൻഷുറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവയ്ക്ക് കരാർ തുകയുടെ 0.2% തുക ഈടാക്കിയില്ല | 1-31 |
| 41 | കാർബൺ ന്യൂട്രൽ പഞ്ചായത്ത്-പദ്ധതി ലക്ഷ്യം കൈവരിക്കാതെ പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ടു | 1-32 |
| 42 | പദ്ധതി പൂർത്തീകരിച്ച് വിനിയോഗരേഖകൾ ഹാജരാക്കിയില്ല | 1-33 |
| 43 | മെൻസ്ട്രൽ കപ്പ് വിതരണം പൂർത്തീകരിച്ചിട്ടില്ല-229353/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-34 |
| 44 | അങ്കണവാടി പോഷകാഹാരം - പദ്ധതി നടത്തിപ്പിലെ പോരായ്മകൾ | 1-35 |
| 45 | കരാറുകാരനിൽ നിന്നും ആദായനികുതി പിടിച്ചെങ്കിലും അടവാക്കിയില്ല | 1-36 |
| ഭാഗം **2** | | |
| 1 | ഒക്യുപ്പൻസി സർട്ടിഫിക്കറ്റിന് അനുസൃതമായി വസ്തുനികുതി ഈടാക്കുന്നില്ല - വരുമാന നഷ്ടം 14,418/- രൂപ | 2-1 |
| ഭാഗം **3** | | |

| | | |
|---|---|---|
| 1 | കാലിവീപ്പയുടെ വില,ജി.എസ്.ടി എന്നിവ കുറവ് ചെയ്തില്ല | 3-1 |
| 2 | തൊഴിലുറപ്പ് പദ്ധതി - പ്രവൃത്തി പൂർത്തിയായതിന് ശേഷമുള്ള തിയതിയിൽ മസ്റ്റർ റോൾ തയ്യാറാക്കി കൂലി വിതരണം ചെയ്തു | 3-2 |
| 3 | തൊഴിലുറപ്പ് പദ്ധതി - എർത്ത് ഫില്ലിംഗ് കൺസോളിഡേഷൻ കുറവ് ചെയ്തില്ല | 3-3 |
| 4 | കരാർ പ്രവൃത്തിക്ക് ഇൻഷുറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവയ്ക്ക് കരാർ തുകയുടെ 0.2% തുക ഈടാക്കിയില്ല | 3-4 |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I). കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 24.07.2023-ലെ 1 നം കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 24.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചേന്നംപള്ളിപ്പുറം ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II). കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III). എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി ചേന്നംപള്ളിപ്പുറം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ

ഉൾപ്പെട്ടിട്ടില്ല

അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ്, നോട്സ് ടു അക്കൗണ്ട്സ് എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രിക-ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരുപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

1-1-3 വാടക ഡിമാന്റ് രജിസ്റ്ററും വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

വാടക രജിസ്റ്ററിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കളക്ഷൻ തുകയും വാർഷിക കണക്കിലെ തുകയും പൊരുത്തപ്പെടുന്നില്ല.

1-1-4 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് ഓരോ മാസവും ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. വർഷാവസാനം മാത്രമാണ് ലെഡ്ജറിൽ ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നത്.

1-1-5 ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ചെലവുകൾ പൊരുത്തപ്പെടുന്നില്ല

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ഇനത്തിലെ എ.സി.ആർ. പ്രകാരമുള്ള ആകെ ചെലവ് 4717270/- രൂപയും വാർഷിക കണക്കിലെ ഷെഡ്യൂൾ I-6 പ്രകാരമുള്ള ചെലവ് 4627339/- രൂപയും സുലേഖ പ്രകാരമുള്ള ചെലവ് 4588030/- രൂപയുമാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-6 വസ്തുനികുതി-സഞ്ചയ,സാംഖ്യ പൊരുത്തപ്പെടുന്നില്ല

വസ്തുനികുതി സഞ്ചയ ഡി.സി.ബി. പ്രകാരമുള്ള കളക്ഷൻ തുകയും വാർഷിക കണക്കിലെ തുകയും പൊരുത്തപ്പെടുന്നില്ല.

1-1-7 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

തൻവർഷം ആർജ്ജിച്ച ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 26.03.2022 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 25.3.2023ലെ ഒന്നിൽ രണ്ടാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 23,38,15,900 | 23,82,72,740 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെന്റിച്ചർ പത്രിക പ്രകാരം) | 14,88,96,466 | 15,29,58,623 |

1-2-1 ബജറ്റ്-അവലോകനം

2022-23 വർഷത്തെ ബജറ്റ് 26.3.2022 തീയതിയിലെ ഒന്നിൽ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 25.03.2023ലെ ഒന്നിൽ രണ്ടാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചു. ബജറ്റ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ബജറ്റിന്റെ അവലോകനം നടത്തുന്നില്ല

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയതായി രേഖപ്പെടുത്തലില്ല.

2. ബജറ്റിന്റെ പരിശോധന

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2022-23 ലെ ബജറ്റ് 2022ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല.

3. ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവ്

| ക്രമ നമ്പർ | ഹെഡ് | ഹെഡിന്റെ വിവരണം | ഒറിജിനൽ ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | യഥാർഥ ചെലവ് (I&E Statement പ്രകാരം) | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | 2101003* | ബോണസ് | 30000 | 30000 | 34815 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 2 | 2102002 | മറ്റ് ബത്തകൾ | 70000 | 70000 | 278931 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 3 | 2205201 | പ്രൊഫഷണൽ സേവനങ്ങൾക്കുള്ള ചെലവുകൾ | 5000 | 5000 | 15750 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 4 | 2301003 | ജനറേറ്ററിനുള്ളപെട്രോൾ, ഗ്യാസ് | 00 | 00 | 19000 | ബജറ്റിൽ വകയിരുത്തലില്ലാതെ ചെലവഴിച്ചു. |
| 5 | 2301101 | പബ്ലിക്ക് ടാപ്പ് വാട്ടർ ചാർജ്ജ് | 16,00,000 | 16,00,000 | 18,18,949 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 6 | 2303001 | കൺസപ്ഷൻ ഓഫ് സ്റ്റോഴ്സ് | 00 | 00 | 22795 | ബജറ്റിൽ വകയിരുത്തലില്ലാതെ ചെലവഴിച്ചു. |
| 7 | 2304001 | വാടക | 00 | 00 | 28526 | ബജറ്റിൽ വകയിരുത്ത |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ലില്ലാതെ ചെലവഴിച്ചു. |
| 8 | 2408001 | ധനകാര്യ ഇടപാടുകൾക്കുള്ള മറ്റ് ചെലവുകൾ | 00 | 00 | 12161 | ബജറ്റിൽ വകയിരുത്ത ലില്ലാതെ ചെലവഴിച്ചു. |

*സെക്രട്ടറിയുടെ ടെലിഫോൺ ചാർജ്ജ് ഈ ഹെഡ്ഡിലാണ് ചെലവ് ചെയ്തിട്ടുള്ളത്.

മേൽപ്പറഞ്ഞ അപാകതകൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (4/19.8.2023) മറുപടി ലഭ്യമാക്കിയില്ല. നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ പ്രകാരം പ്രൊവിഷനില്ല. അതിനാൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി ചെയ്യുന്ന ചെലവുകൾ നിയന്ത്രിക്കുന്നതിനോ, ബജറ്റ് അലോട്ട്മെന്റ് ഇല്ലാത്ത ഇനങ്ങൾക്ക് ചെലവ് ചെയ്യുന്നത് തടയുന്നതിനോ നിലവിൽ സാധിക്കുന്നില്ല. അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറായ സാംഖ്യയുമായി ബജറ്റ് ലിങ്ക് ചെയ്തിട്ടില്ലാത്തതിനാൽ തദ്ദേശ സ്ഥാപനത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ഒരു ക്രമീകരണമായിട്ട് ബജറ്റ് പ്രവർത്തിക്കുന്നതിനും നിലവിൽ സാധിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുന്ന ഹെഡ്ഡിൽ തന്നെ ചെലവുകൾ ബുക്കുചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 20053504 |
| വരവ് | 42932666 |
| ആകെ | 62986170 |
| ചെലവ് | 35817521 |
| നീക്കിയിരിപ്പ് | 27168649 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | | ആകെ | ചെലവ് | | ലാപ്സായ തുക |
|---|---|---|---|---|---|---|---|
| | | സോഴ്സിൽ പിടിച്ചത് | അലോട്ട്മെന്റ് വരവ് | | ജി.ഓ പ്രോജക്ട് | പ്രോജക്ട് | |
| വികസന ഫണ്ട് പൊതുവിഭാഗം | - | 6259145 | 12711855 | 18971000 | 6259145 | 12445608 | 266247 |
| വികസന ഫണ്ട് എസ്.സി.പി. | - | 896040 | 6952960 | 7849000 | 896040 | 6570466 | 382494 |
| വികസന ഫണ്ട് ടി.എസ്.പി. | - | 43283 | 112717 | 156000 | 43283 | 102598 | 10119 |
| സംരക്ഷണ ഗ്രാന്റ് റോഡ് | - | 0 | 3789350 | 3789350 | 0 | 1208075 | 2581275 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | - | 0 | 4409500 | 4409500 | 0 | 3535880 | 873620 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ബാങ്ക് | | 4847828 | 6214000 | 11061828 | 0 | 1476785 | 9585043 |
| ട്രഷറി | | 0 | 878267 | 878267 | | 0 | 878267 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ടൈഡ് | | | | | | | | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്-നോൺടൈഡ് | ബാങ്ക് | | 2187356 | 4449346 | 6636702 | 0 | 3100554 | 3536148 |
| | ട്രഷറി | | | 72008 | 72008 | 0 | 50000 | 22008 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 196 | 279998134 | 116 | 45180578 | 00 | 80 | 59.18% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2659 | 1320985 | 1323644 | 1323644 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 35363356 | 35363356 | 35363356 | 0 |
| | 2659 | 36684341 | 36687000 | 36687000 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 109080 | 72 |
| കർഷക തൊഴിലാളി പെൻഷൻ | 3275200 | 268 |
| വിധവാ പെൻഷൻ | 10967400 | 1176 |
| വാർദ്ധക്യകാല പെൻഷൻ | 30912200 | 3136 |
| വികലാംഗ പെൻഷൻ | 5106200 | 433 |
| അവിവാഹിത പെൻഷൻ | 926400 | 76 |
| വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധനസഹായം | 0 | 0 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.08.2023 തീയതിയിൽ 03:15 P.M സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1984/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാനും ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും

താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് ഓരോ മാസവും ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

3. വരവിനങ്ങളുടെ രജിസ്റ്ററുകൾ കൃത്യമായി എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

4. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

5. സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന അഭിഭാഷകർ, മറ്റ് പ്രഫഷണലുകൾ മാരാമത്ത് പണി നടത്തിയ കരാറുകാർ, പ്ലാൻ എഞ്ചിനിയേഴ്സ്, വാഹന ഉടമകൾ ഇവരിൽ നിന്നും പഞ്ചായത്ത് തൊഴിൽ നികുതി ഈടാക്കുന്നില്ല. തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബെയ്സ് പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

6. മേഖലാടിസ്ഥാനത്തിൽ ഏറ്റെടുക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിൽ ഗുരുതരമായ വീഴ്ച (ഖ.1-15 കാണുക).

7. പലയിനങ്ങൾക്കും ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവഴിക്കുന്നു.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണം സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-10 ടാക്സ് ഓഡിറ്റ് - അവലോകനം

പഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം -അവലോകനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ മിനിട്സ് ബുക്ക് പരിശോധിച്ചതിൽ പുതിയ തനത് വരുമാന മേഖലകൾ സംബന്ധിച്ച് 2022-23 വർഷത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ ചർച്ച ചെയ്യുകയോ നിർദ്ദേശങ്ങൾ ഭരണസമിതിക്ക് സമർപ്പിക്കുകയോ ചെയ്തിട്ടില്ല. എന്നാൽ ബജറ്റിൽ നിർദ്ദേശിച്ച തനത് വരുമാനങ്ങൾ നിശ്ചിത സമയ പരിധിക്കുള്ളിൽ സമാഹരിക്കുന്നത് ഉറപ്പാക്കിയതായി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 21-10-2022 തീയതിയിലെ അജണ്ട 2 തീരുമാനം 1 പ്രകാരവും, 06-02-2023 തിയതിയിലെ അജണ്ട 3 തീരുമാനം 1 പ്രകാരവും, 9-03-2023 തിയതിയിലെ അജണ്ട 4 തീരുമാനം 1 പ്രകാരവും ചർച്ച ചെയ്യുകയും കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ക്യാമ്പുകൾ സംഘടിപ്പിക്കുകയും മുൻവർഷങ്ങളിലെ വരവിനങ്ങൾ വർഷാവസാനം പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ല എന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഉറപ്പാക്കിയിട്ടുമുണ്ട്. 01.04.20203 ലെ വസ്തുനികുതി പരിഷ്കരണ നിരക്കുകളെ സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 29-05-2023 ലെ അജണ്ട 1 തീരുമാനം 1 പ്രകാരമുള്ള ശിപാർശകൾ 30.05.2023 തീയതിയിൽ ഭരണസമിതിയിൽ ചർച്ച ചെയ്ത് കമ്മറ്റിയുടെ 32(1) നമ്പർ തീരുമാന പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

2022-23 ലെ വസ്തു നികുതി സംബന്ധിച്ച്

വസ്തു നികുതി സംബന്ധിച്ച രജിസ്റ്ററുകളും, സഞ്ചയയിലെ വസ്തു നികുതി വരവും, ILGMS വരവും താഴെ സൂചിപ്പിക്കുന്ന പ്രകാരം പൊരുത്തപ്പെടുന്നില്ല.

| | റെസിഡെൻഷ്യൽ കെട്ടിടങ്ങൾ | നോൺ - റെസിഡെൻഷ്യൽ കെട്ടിടങ്ങൾ | ആകെ |
|---|---|---|---|
| ILGMS പ്രകാരമുള്ള വരവ് | 15,45,262 | 26,03,977 | 41,49,239 |
| സഞ്ചയ പ്രകാരമുള്ള | 16,54,735 | 27,71,121 | 44,25,856 |

| വരവ് | | | |
|---|---|---|---|

01.04.2023 ലെ വസ്തുനികുതി പരിഷ്കരണ നിരക്കുകൾ 30.05.2023 തീയതിയിലെ ജനറൽ കമ്മറ്റിയുടെ 32(1) നമ്പർ തീരുമാന പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. ആയതിനാൽ സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്താൻ സാധിച്ചിട്ടില്ല. സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തിയാൽ മാത്രമേ ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തി ഡാറ്റാ ലോക്ക് ചെയ്യാൻ സാധിക്കുകയുള്ളൂ. 01.04.2023 ന ശേഷം അസസ്സ് ചെയ്ത കെട്ടിട ഉടമകളിൽ നിന്നും 01.04.2023 ലെ വസ്തുനികുതി പരിഷ്കരണ നിരക്കുകളിലെ അടിസ്ഥാന നിരക്കിൽ വസ്തുനികുതി ഈടാക്കാൻ സാധിക്കുന്നില്ല. ആ കെട്ടിടങ്ങൾക്ക് പഴയ അടിസ്ഥാന നിരക്കിൽ ആണ് നികുതി ഈടാക്കുന്നത്. സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തിയതിന് ശേഷം പുതുക്കിയ നിരക്ക് പ്രകാരം അധികമായി ഒടുക്കേണ്ട തുക ടി കെട്ടിട ഉടമകളുടെ പക്കൽ നിന്നും പഞ്ചായത്തിൽ ഒടുക്ക് വരുത്തുന്നതിന് നിലവിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ടി കുടിശ്ശിക കെട്ടിട ഉടമകളിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. പഴയ കെട്ടിടങ്ങളുടെ വിഷയത്തിൽ മുൻ സാമ്പത്തിക വർഷം ഒടുക്കിയ വസ്തു നികുതിയിൽ 5% വർദ്ധനവ് വരുത്തി തുക ഇടാക്കുന്നുണ്ട്. 2013 ലെ മേഖല വിഭജനം അതുപോലെ നിലനിർത്തിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയർ, അസസ്സ്മെൻറ് രജിസ്റ്ററുകൾ, നികുതി ഇളവ് അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ അനധികൃതമായി നികുതി ഇളവുകൾ അനുവദിച്ചതായി കാണുന്നില്ല. ഫീൽഡ് സന്ദർശനങ്ങൾ നടത്തിയാണ് നികുതി ഇളവ് അനുവദിക്കുന്നത്.

പഞ്ചായത്ത് പരിധിയിൽ സ്വകാര്യ ഹോസ്റ്റലുകളോ, റെസിഡൻഷ്യൽ ഹോം സ്റ്റേകളോ പ്രവർത്തിക്കുന്നില്ല. പഞ്ചായത്തിൽ UA രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്, ടി രജിസ്റ്ററിൽ രേഖപ്പെടുത്തിയ UA നമ്പർ നല്കിയ കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നത് വരെ 3 ഇരട്ടി തുക ഈടാക്കുന്നുണ്ട്. മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നത് ക്രമപ്രകാരം ആണ്. ILGMS ൽ ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയയിൽ ക്യാൻസൽ ചെയ്യപ്പെടുന്നുണ്ട്. ഇതുമൂലം പഞ്ചായത്തിന് നഷ്ടം ഒന്നും സംഭവിച്ചിട്ടില്ല.

<u>തൊഴിൽ നികുതി</u>

രജിസ്റ്റർ പ്രകാരമുള്ള എല്ലാ സ്ഥാപങ്ങൾക്കും ഡിമാൻറ് നോട്ടീസ് കൃത്യ സമയത്ത് നല്കി തൊഴിൽ നികുതി വസൂലാക്കുന്നുണ്ട്. സ്ഥാപന ഉടമകളുടെയും ജീവനക്കാരുടെയും പക്കൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെങ്കിലും സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന അഭിഭാഷകർ, മറ്റ് പ്രഫഷണലുകൾ മാരാമത്ത് പണി നടത്തിയ കരാറുകാർ, പ്ലാൻ എഞ്ചിനിയേഴ്സ്, വാഹന ഉടമകൾ എന്നിവരിൽ നിന്നും പഞ്ചായത്ത് തൊഴിൽ നികുതി ഈടാക്കുന്നില്ല. പഞ്ചായത്ത് പരിധിയിൽ സ്വയം തൊഴിൽ ചെയ്യുന്നവരുടെ സംപൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കാത്തത് ഇത്തരം നികുതി നഷ്ടത്തിന് കാരണം ആകുന്നു. സ്ഥാപനങ്ങളും സ്ഥാപന മേധാവികളും കൈമാറുന്ന നികുതി പത്രികകൾ പ്രകാരമുള്ള തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്ക് വരുത്താറുണ്ട്. വാർഷിക ധനകാര്യ പത്രികയിലെയും രജിസ്റ്ററുകളിലെയും ഡിമാന്റ്-കളക്ഷൻ -ബാലൻസ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നുണ്ട്, ഇത് സംബന്ധിച്ച രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്.

<u>വിനോദ നികുതി</u>

പഞ്ചായത്തിൽ സിനിമാ തിയേറ്ററുകൾ ഇല്ലാത്തതിനാൽ അതിൽ നിന്നുള്ള വിനോദ നികുതി ലഭിക്കുന്നില്ല. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കേബിൾ ടി.വി നെറ്റ് വർക്കുകളിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

<u>നികുതിയേതര വരവുകൾ</u>

തൊഴിൽ നികുതി രജിസ്റ്റർ, ട്രെഡേഴ്സ് ലിസ്റ്റ്, സഞ്ചയ, ഇവ പ്രകാരമുള്ള എല്ലാ സ്ഥാപനങ്ങളും പഞ്ചായത്തിൽ ക്രമപ്രകാരമുള്ള ലൈസൻസ് ഫീസ് ഒടുക്ക് വരുത്തുന്നുണ്ട്.

## 1-11 ഓഡിറ്റ് ഇംപാക്ട് - ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ലൈസൻസ് ഫീസിനത്തിലുള്ള 11,000/- രൂപ പഞ്ചായത്തിൽ ഒടുക്കി

2018 ലെ കേരളാ നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന്റെ അടിസ്ഥാനത്തിൽ ഭേദഗതി ചെയ്യപ്പെട്ട 1996 ലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ ചട്ടങ്ങളിലെ, ചട്ടം 7 പട്ടിക II പ്രകാരം വ്യാപാര/വ്യവസായ സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനത്തിന്റെ വാർഷിക ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത്. 2022-23 വർഷത്തെ ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ രേഖപ്പെടുത്തിയ മൂലധന നിക്ഷേപത്തിന് അനുസൃതമായി കേരളാ പഞ്ചായത്തി രാജ് ആക്ട്-232-ാം വകുപ്പിന്റെ 31-10-2017 ലെ ഭേദഗതി ചട്ടങ്ങളിലെ ചട്ടം 7 പട്ടിക II പ്രകാരമുള്ള ലൈസൻസ് ഫീസിനത്തിൽ പഞ്ചായത്തിനുണ്ടായ വരുമാന നഷ്ടം സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം:01/തീയതി:18-08-23) നൽകിയതിനെ തുടർന്ന് താഴെ സൂചിപ്പിക്കുന്ന രസീത് പ്രകാരം 11,000/-രൂപാ പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| സ്ഥാപനം | അപേക്ഷ പ്രകാരമുള്ള മൂലധന നിക്ഷേപം | ഈടാക്കിയ ലൈസൻസ് ഫീസ് | ഇടാക്കേണ്ട ലൈസൻസ് ഫീസ് | രസീത് നം/ തീയതി | ഒടുക്കിയ തുക |
|---|---|---|---|---|---|
| വെളിയിൽ കാസിൽസ് (ഹോട്ടൽ & റസ്റ്റോറന്റ്) | 5 കോടി | 4000 | 15000 | 1230900894/ 23-08-2023 | 11,000 |

## 1-12 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുന്നില്ല

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282 പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്ത് മൂന്ന് സാമ്പത്തിക വർഷങ്ങൾക്ക ശേഷവും തിരികെ നൽകാത്ത സാഹചര്യത്തിൽ പ്രസ്തുത ഡെപ്പോസിറ്റ് തുകകൾ കാലഹരണപ്പെട്ടതായി കണക്കാക്കേണ്ടതും ആയത് തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തിലെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഇനങ്ങളിൽ ടി കാലപരിധിയ്ക്ക് ശേഷമുള്ള തുകകളും ക്രമീകരിക്കപ്പെടാതെ നിലനിൽക്കുന്നതായി കാണുന്നു.

| ക്രമ നം. | ഇന വിവരം | 31.3.23 ലെ നീക്കിയിരുപ്പ് | നീക്കിയിരുപ്പ് തുകയുടെ കാലയളവ് |
|---|---|---|---|
| 1 | കോൺട്രാക്ടേഴ്സ് ഇഎംഡി | 6975 | 2016-17 മുതൽ |
| 2 | സപ്ലൈയേഴ്സ് ഇഎംഡി | 87203 | 2016-17 മുതൽ |
| 3 | കോൺട്രാക്ടേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 32600 | 2016-17 മുതൽ |
| 4 | ബിഡ്ഡേഴ്സ് ഇഎംഡി | 22150 | 2016-17 മുതൽ |

| | | | |
|---|---|---|---|
| 5 | സപ്ലൈയേഴ്സ് എസ്.ഡി | 42352 | 2014-15 മുതൽ |
| 6 | ബിഡേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 800 | 2014-15 മുതൽ |
| 7 | കോൺട്രാക്ടേഴ്സ് റിടെൻഷൻ | 131602 | 2014-15 മുതൽ |
| 8 | മറ്റു ഡെപ്പോസിറ്റ് | 15063 | 2017-18 മുതൽ |

നീക്കിയിരുപ്പിലുള്ള കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-13 ഒക്യുപ്പൻസി സർട്ടിഫിക്കറ്റിന് അനുസൃതമായി വസ്തുനികുതി ഈടാക്കുന്നില്ല - വരുമാന നഷ്ടം 14,418/- രൂപ

വാണിജ്യാവശ്യത്തിനായി നിർമ്മിച്ച കെട്ടിടത്തിന്റെ വസ്തുനികുതി, ടി കെട്ടിടം ഒറ്റ ഒരു ഉപയോഗക്രമത്തിലുള്ള സമുച്ചയം ആയി കണക്കാക്കാതെ ടി കെട്ടിടത്തെ വിവിധ മുറികളായി തരം തിരിച്ച് വിവിധ ഉപയോഗ ക്രമത്തിലുള്ള വ്യത്യസ്ത കെട്ടിടങ്ങളായി പരിഗണിച്ച് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചതു മൂലം പഞ്ചായത്തിന് യഥാർത്ഥത്തിൽ ലഭിക്കേണ്ട വസ്തുനികുതിയിൽ കുറവ് വന്നിട്ടുള്ളതായി പരിശോധനയിൽ കാണുന്നു. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) ൽ ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്നതനുസരിച്ച് വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. അതായത് വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ച് നികുതി നിർണ്ണയിക്കുന്നതിനു പകരം അവയെ ഒന്നായി കണ്ട് നികുതി കണക്കാക്കേണ്ടതാണ്. കെട്ടിടത്തെ ഒന്നായി കണ്ട് ആനുപാതികമായ ഉയർന്ന നിരക്കിൽ നികുതി നിശ്ചയിക്കുന്നതിനു പകരം കെട്ടിടത്തെ ഒന്നിലധികം മുറികളായി കണക്കാക്കി കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിക്കുകയാണ് ചെയ്തിരിക്കുന്നത്.

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ - ചട്ടം 88(2) പ്രകാരം ഹോട്ടലുകളും റസ്റ്റോറന്റുകളും ഉൾപ്പെടുന്ന പ്രത്യേക വാസഗൃഹങ്ങൾ എന്ന ഗണം-A2 (ചട്ടം 25 (B)) വിഭാഗത്തിൽ ഉൾപ്പെടുത്തി 9/2/2021 ലെ C2-BA(1483807/2021) നമ്പർ പെർമിറ്റ് പ്രകാരം നിർമ്മാണം പൂർത്തീകരിച്ചതും 05.08.2022 നു ഗണം-A2 വിഭാഗത്തിൽ ഉൾപ്പെടുത്തി ഉപയോഗ സർട്ടിഫിക്കറ്റ് നൽകിയതുമായ V.N.ബാബു, ശാന്ത ബാബു എന്നിവരുടെ ഉടമസ്ഥതയിലുള്ള വെളിയിൽ കാസിൽസ് എന്ന സ്ഥാപനത്തെ (കെട്ടിട നം: 16/65B മുതൽ 16/65Z വരെ) ഹോട്ടൽ എന്ന ഒറ്റ Entity ആയി കണ്ട് 100 ച:മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള ഹോട്ടലുകൾ റസ്റ്റോറന്റുകൾ എന്ന ഉപയോഗ ക്രമത്തിൽ ഉൾപ്പെടുത്തി 50/- രൂപ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നതിന് പകരം ടി കെട്ടിടത്തെ 16/65B മുതൽ 16/65Z വരെയുള്ള വ്യത്യസ്ഥ ഉപയോഗ ക്രമത്തിലുള്ള വിവിധ മുറികളായി തരം തിരിച്ച് ടി ഓരോ മുറികൾക്കും കുറഞ്ഞ നിരക്കിലുള്ള വ്യത്യസ്ഥ വസ്തുനികുതി നിരക്കുകൾ പ്രകാരം നികുതി ഈടാക്കിയത് മൂലം പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| കണക്കാക്കേണ്ട വസ്തുനികുതി | കണക്കാകിയ വസ്തുനികുതി |
|---|---|

| | | |
|---|---|---|
| (നികുതി നിരക്ക്:50രൂ /ച.മീ.) | | (സഞ്ചയ പ്രകാരം)<br>അടിസ്ഥാന നികുതി+<br>ലൈബ്രറി സെസ്സ് |
| താഴത്തെ നില<br>അടിസ്ഥാന<br>നികുതി+<br>വഴി<br>സൌകര്യം<br>(20%)+<br>ലൈബ്രറി<br>സെസ്സ് | അടിസ്ഥാന നികുതി<br>664 X50 =33200<br>വഴിസൌകര്യം<br>(വർദ്ധനവ്20%)=<br>6640/-<br>ലൈബ്രറി സെസ്സ് =<br>1992/-<br>ആകെ=<br>39840+1992=<br>41832/- | 1) 16/65B- 8791+440 =9231<br>2) 16/65BC- 22939+1147=24086<br>3) 16/65BD- 6346+318=6664<br>ആകെ =39981/- |
| ഒന്നാം നില<br>അടിസ്ഥാന<br>നികുതി+<br>വഴി<br>സൌകര്യം<br>(20%)+<br>5% ബഹുനില<br>കെട്ടിടത്തിനുള്ള<br>ഇളവ് +<br>ലൈബ്രറി<br>സെസ്സ് | അടിസ്ഥാന നികുതി<br>563x50 = 28150/-<br>ബഹുനില<br>വാണിജ്യാവശ്യ<br>ഇളവ്(5%) = 1408<br>വഴി സൌകര്യം<br>(വർദ്ധനവ്20%)-5630<br>ലൈബ്രറി സെസ്സ്<br>= 1619<br>ആകെ =<br>32372+1619=<br>33991 | (അടിസ്ഥാന നികുതി-ബഹുനില<br>വാണിജ്യാവശ്യ ഇളവ്<br>5%)+വഴിസൌകര്യം(20%)+ലൈബ്രറി<br>സെസ്സ്<br>5) 16/65 E- 1952+98=2050<br>6) 16/65 F- 1952+98=2050<br>7) 16/65 G- 1952+98=2050<br>8) 16/65 H- 1952+98=2050<br>9) 16/65 I – 4882+245=5127<br>10)16/65 J-1329+67=1396<br>11)16/65 J-5654+283=5937<br>12)16/65 J-10006+501=10507<br>ആകെ = 31,167/- |
| രണ്ടാം നില<br>അടിസ്ഥാന<br>നികുതി+<br>വഴി<br>സൌകര്യം<br>(20%)+<br>10% ബഹുനില<br>കെട്ടിടത്തിനുള്ള<br>ഇളവ് +<br>ലൈബ്രറി<br>സെസ്സ് | അടിസ്ഥാന നികുതി<br>563x50 = 28150/-<br>ബഹുനില<br>വാണിജ്യാവശ്യ<br>ഇളവ്(10%) = 2816<br>വഴി സൌകര്യം<br>(വർദ്ധനവ്20%)-5630<br>ലൈബ്രറി സെസ്സ്<br>= 1548<br>ആകെ =<br>30964+1548= | 13) 16/65 M- 1952+98=2050<br>14) 16/65 N- 1952+98=2050<br>15) 16/65 O- 1952+98=2050<br>16) 16/65 P- 1952+98=2050<br>17) 16/65 Q- 1602+81=1683<br>18)16/65 R- 1602+81=1683<br>19)16/65 S- 1602+81=1683<br>20)16/65 T- 1602+81=1683<br>21)16/65 U- 1602+81=1683<br>22)16/65 V- 3481+175=3656 |

| | | |
|---|---|---|
| | 32512 | 23)16/65 W-1333+67=1400<br>24)16/65 X- 2023+102=2125<br>25)16/65 Y- 5879+24=6173<br>ആകെ=29,969 |
| മൂന്നാം നില അടിസ്ഥാന നികുതി+ വഴി സൌകര്യം (20%)+ 10% എയർ കണ്ടീഷൻ 15% ബഹുനില കെട്ടിടത്തിനുള്ള ഇളവ് + ലൈബ്രറി സെസ്സ് | അടിസ്ഥാന നികുതി 607x50 = 30,350/-<br>ബഹുനില വാണിജ്യാവശ്യ ഇളവ്(15%) = 4553<br>വഴി സൌകര്യം (വർദ്ധനവ്20%)-6070<br>(വർദ്ധനവ്10%) എയർ കണ്ടീഷൻ- 3035/-<br>ലൈബ്രറി സെസ്സ് = 1548<br>ആകെ = 34902+1745= 36647/- | 26)16/65 Z- 28044+1403=29447<br>ആകെ=29,447 |
| ആകെ | 1,44,982/-/- | 1,30,564/- |
| നികുതിനിർണ്ണയത്തിൽ ഉണ്ടായ കുറവ് | | 14,418/- |

പഞ്ചായത്തിന്റെ 16-ാം വാർഡിലുള്ള പ്രസ്തുത കെട്ടിടത്തിനെ (കെട്ടിട നം: 16/65B മുതൽ 16/65Z വരെ) 3 നിലകളുള്ള ഒറ്റ കെട്ടിടമായി പരിഗണിക്കാതെ വ്യത്യസ്ഥ ഉപയോഗ ക്രമത്തിലുള്ള മേൽ സൂചിപ്പിച്ച 25 വിവിധ കെട്ടിടങ്ങളായി പരിഗണിച്ച് ഓരോ കെട്ടിടങ്ങൾക്കും കുറഞ്ഞ നിരക്കിലുള്ള നികുതി നിർണ്ണയിച്ചതിനാൽ വസ്തുനികുതിയിനത്തിൽ പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ 14,418/- രൂപയുടെ നഷ്ടം ഉണ്ടായി. മേൽ സൂചിപ്പിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് 2022-23 ലെ കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.03/തീയതി.18/08/2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അധികമായി ഇടാക്കേണ്ട കുടിശ്ശിക തുക പഞ്ചായത്തിൽ അടവാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-14 വൈക്കം-തവണക്കടവ് ജങ്കാർ സർവീസ്-ലേല തുക കുടിശ്ശിക നിലനിൽകുന്നു

വൈക്കം മുൻസിപ്പാലിറ്റിയും പള്ളിപ്പുറം പഞ്ചായത്തും ഉൾപ്പെടുന്ന ജോയിന്റ് കമ്മറ്റിയുമായി കെ.എ.നൌഷാദ് എന്ന വ്യക്തി വൈക്കം-തവണക്കടവ് ജങ്കാർ സർവീസ് നടത്തുന്നതിന് 08-11-22 ൽ കരാറിൽ ഏർപ്പെട്ടിട്ടുള്ളതാണ്. ജങ്കാർ സർവീസ് ലേല കരാർ പ്രകാരം ലേല തുകയായ 12,60,420/- രൂപ പ്രതിമാസ തവണകൾ ആയി എല്ലാ മാസവും 5 -ാം തീയതി 50% വീതം വൈക്കം നഗരസഭയിലും പഞ്ചായത്തിലും ഒടുക്ക് വരുത്തേണ്ടതാണ്. ഇത് പ്രകാരം 2023 മാർച്ച് വരെ 4 മാസത്തെ തവണ പഞ്ചായത്തിൽ ഒടുക്ക് വരുത്തേണ്ടതായിരുന്നു. എന്നാൽ രജിസ്റ്റർ പരിശോധിച്ചതിൽ 2023 മാർച്ച് വരെ

3 മാസത്തെ തുക മാത്രമാണ് ഒടുക്ക് വരുത്തിയത്, 4-ാം മാസത്തെ തവണ പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടില്ല. 3 മാസത്തെ തുകയും(1,57,553/-), 18% ജി.എസ്.ടിയും (28,360/-), 4% പിഴപലിശ (6302/-) ഉൾപ്പടെ 2023 മാർച്ചിൽ ഒടുക്ക് വരുത്തേണ്ടത് 1,92,215/- രൂപയാണ്. എന്നാൽ 1,90,392/- രൂപ മാത്രമാണ് പഞ്ചായത്തിൽ ഒടുക്ക് വരുത്തിയത്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് ഒടുക്കേണ്ട 1823/- രൂപ 23.08.2023 തീയതിയിലെ 1230900898-ാം നമ്പർ രസീത് പ്രകാരം പഞ്ചായത്തിൽ ഒടുക്ക് വരുത്തി. കരാർ പ്രകാരമുള്ള 4-ാം മാസത്തെ തവണ പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടില്ല. 18% ജി.എസ്.ടി ഉൾപ്പടെയുള്ള 4-ാം മാസത്തെ തുകയായ 61,968/- രൂപ (52515+9453) ചട്ട പ്രകാരമുള്ള പിഴപ്പലിശ ഉൾപ്പടെ ലേലം കൊണ്ട വ്യക്തിയിൽ നിന്നും ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 ലൈഫ് ഭവന പദ്ധതി- നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ

ലൈഫ് ഭവനപദ്ധതിയുടെ ഭാഗമായി മുൻ വർഷങ്ങളിൽ തുക കൈപ്പറ്റിയെങ്കിലും നിർമ്മാണം ആരംഭിക്കാത്ത/പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | ഗുണഭോക്താവിന്റെ പേര്, വിലാസം | ആകെ നൽകിയ തുക/ അവസാന ഗഡു കൈപ്പറ്റിയ തീയതി | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | അമ്പിളി, കൊടിയന്തറ | 40000/- 03.3.2022 | പണി ആരംഭിച്ചിട്ടില്ല |
| 2 | സുധീർകുമാർ, ചാലിത്തറ | 40000/- 25.9.2021 | പണി ആരംഭിച്ചിട്ടില്ല |
| 3 | ധന്യ ബിനീഷ്, പുന്നാറ്റ് ഹരിജൻ കോളനി | 40000/- 9.8.2021 | പണി ആരംഭിച്ചിട്ടില്ല |
| 4 | മിഥുല എസ് ചന്ദ്, ചാലിത്തറ | 40000/-12.9.2021 | പണി ആരംഭിച്ചിട്ടില്ല |
| 5 | ജയമ്മ, ബിജിത്ത് ഭവനം, പള്ളിപ്പുറം | 40000/-17.3.2021 | പണി ആരംഭിച്ചിട്ടില്ല |
| 6 | വൈജയന്തി പ്രശാന്ത് കുമാർ, ഇടവഴിക്കൽ | 40000/-12.10.2022 | പണി ആരംഭിച്ചിട്ടില്ല |
| 7 | ചന്ദ്രികാമ്മ, വാലേഴത്ത് | 200000/-20.5.2022 | ഫൗണ്ടേഷൻ |

ഈ വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി ഉചിതമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 തെരുവ് വിളക്ക് പരിപാലനം -നിലവിലുള്ളതിലും അധികം എണ്ണം ലൈറ്റുകൾ സ്ഥാപിച്ചതായി രേഖപ്പെടുത്തി തുക നൽകുന്നു

പ്രോജക്ടിന്റെ പേര് : തെരുവ് വിളക്ക് പരിപാലനം (S0001/23)

അടങ്കൽ: 995880/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ്: 642390/- (Vr No. XVFC/22-23/p/14, 339793/-, XVFC/22-23/p/19,302597/-)

നിർവ്വഹണം -സെക്രട്ടറി

തെരുവ് വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് ടെണ്ടർ ക്ഷണിച്ചതിൻ പ്രകാരം കേടായ ലൈറ്റുകൾ നീക്കി 18 Watts എൽ.ഇ.ഡി ലൈറ്റും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതിന് ലേബർ ചാർജ്ജ് ഉൾപ്പെടെ 540/-രൂപ നിരക്കിൽ ശ്രീ. അജിത് പ്രസാദ് എന്നയാൾ സമർപ്പിച്ച ടെണ്ടർ

അംഗീകരിച്ചിട്ടുള്ളതാണ്. ഫയൽ പരിശോധിച്ചതിൽ 2022-23 വർഷം 1087 ലൈറ്റുകൾ മാറ്റി സ്ഥാപിച്ചതുൾപ്പെടെ നാളിതുവരെ 1535 ലൈറ്റുകൾ മാറ്റി സ്ഥാപിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള തെരുവ് വിളക്ക് രജിസ്റ്ററിൽ (2021-22 ൽ ഫീൽഡ് പരിശോധന നടത്തി തയ്യാറാക്കിയത്) തെരുവ് വിളക്കുകളുടെ ആകെ എണ്ണം 860 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷനുമായി ബന്ധപ്പെട്ട് 2021-22 വർഷത്തിലും 2022-23 വർഷത്തിലും പദ്ധതികൾ ഏറ്റെടുത്തെങ്കിലും പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ പുതിയ ലൈറ്റുകൾ സ്ഥാപിച്ചിട്ടില്ല. കൂടാതെ മാറ്റി സ്ഥാപിച്ച ലൈറ്റുകളുടെ വാറന്റി സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ഇല്ല. നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണത്തേക്കാൾ കൂടുതൽ എണ്ണം ലൈറ്റുകൾ മാറ്റി സ്ഥാപിച്ചത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.9/21.8.2023) മറുപടി ലഭ്യമാക്കിയില്ല. അധികമായി 227 ലൈറ്റുകൾ സ്ഥാപിച്ചതായി രേഖപ്പെടുത്തിയതിന്റെ പേരിൽ നടത്തിയ ചെലവ് 122580/- രൂപ (227x540=122580/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-17 പൊതുടാപ്പുകൾ വിച്ഛേദിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചില്ല

പ്രോജക്ടിന്റെ പേര് -വാട്ടർ അതോറിറ്റി പൊതുടാപ്പുകൾ വിച്ഛേദിക്കൽ(S0265/23)

അടങ്കൽ 439300(വികസനഫണ്ട്-ജനറൽ)

ചെലവ് 439300 (BRN 1542650/28.3.2023, 439300)

നിർവ്വഹണം- സെക്രട്ടറി

ജൽജീവൻ പദ്ധതി പ്രകാരം പഞ്ചായത്തിലെ എല്ലാ വീട്ടുകളിലെയും ഉണഭോക്താക്കൾക്ക് ഗാർഹിക കുടിവെള്ള കണക്ഷൻ ലഭ്യമായിട്ടുള്ളതാണ്. പ്രസ്തുത സാഹചര്യത്തിൽ പൊതുടാപ്പുകൾ വിച്ഛേദിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 25.1.23 ൽ വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുള്ളതാണ്. പൊതുടാപ്പുകൾ വിച്ഛേദിക്കുന്നതിലൂടെ കുടിവെള്ളക്കരം ഒഴിവാക്കി പഞ്ചായത്തിന്റെ ചെലവ് കുറയ്ക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. ഇതിനായി 2022-23 സാമ്പത്തിക വർഷത്തിൽ വാട്ടർ അതോറിറ്റിക്ക് തുക കൈമാറിയെങ്കിലും ഇപ്പോഴും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പഞ്ചായത്തിലെ മുഴുവൻ പൊതുടാപ്പുകളും (282 എണ്ണം) വിച്ഛേദിക്കുന്നതിന് ധാരണയിലെത്തിയതിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് സമർപ്പിക്കുകയും 2022-23 ൽ പഞ്ചായത്ത് തുക കൈമാറുകയും ചെയ്തിട്ടുള്ളതാണ്. വാട്ടർ അതോറിറ്റിയുമായുള്ള കരാറിൽ തുക അടവാക്കി 6 മാസത്തിനകം പ്രവൃത്തി പൂർത്തിയാക്കുന്നതാണെന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് ഇപ്പോഴും പ്രതിമാസം വാട്ടർ ബിൽ അടവാക്കി വരുന്നു. പദ്ധതി ഉടൻ പൂർത്തിയാക്കണമെന്നറിയിച്ച് 25.4.23 ലും 26.7.23 തീയതികളിലുമായി വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുള്ളതായി കാണുന്നുണ്ടെങ്കിലും തുടർനടപടികൾ ഒന്നും ഫയലിൽ ഇല്ല. 2023 മാർച്ച് മുതൽ പ്രതിമാസ വെള്ളക്കരം 380591/-രൂപയാണ് (മുൻ ബാക്കി 37714 ഉൾപ്പെടെ). പഞ്ചായത്ത് 2023 ജൂലൈ മാസം വരെയുള്ള വെള്ളക്കരം അടവാക്കിയിട്ടുണ്ട്. പൊതുടാപ്പുകളുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 11/21.8.2023) നൽകിയെങ്കിലും ഫയലോ മറുപടിയോ ലഭ്യമാക്കിയില്ല. പൊതുടാപ്പുകൾ വിച്ഛേദിക്കുന്ന പ്രവൃത്തി പൂർത്തിയാക്കി വെള്ളക്കരം ഒഴിവാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭ്യമാക്കിയിട്ടില്ല

മെഡിക്കൽ ഓഫീസർ (ഹോമിയോ) നടപ്പിലാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിയ്ക്ക് വേണ്ടി ആകെ 4,00,000/- രൂപ ഹോംകൊ, ആലപ്പുഴ എന്ന സ്ഥാപനത്തിന് ഇൻവോയ്സ് നമ്പർ പി.എഫ്-328/തീയതി 15/09/2022 പ്രകാരം അക്കൗണ്ട് ട്രാൻസ്ഫർ വഴി അടവാക്കിയിട്ടുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 41/2023 |
| പ്രോജക്ട് | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 4,00,000(പൊതുവിഭാഗം സാധാരണ വിഹിതം) |
| ഇൻവോയ്സ് നമ്പർ | പി.എഫ് -328/തീയതി 15/09/2022 |
| ചെലവ് | ബിൽ തുക: 4,00,000/-,<br>ട്രഷറി ബിൽ നമ്പർ: 01/22-23, തീയതി: 27-09-2022 |

എന്നാൽ ഇതു വരെയും 2,90,269/- മരുന്ന് മാത്രമേ ലഭിച്ചിട്ടുള്ളൂ, 1,09,731/- രൂപയുടെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം:05, തീയതി: 21-08-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് മരുന്നുകളുടെ ബിൽകോപ്പികൾ സ്റ്റോക്ക് എൻട്രി വരുത്തി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. അടിയന്തിരമായി മരുന്നുകൾ ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. വിഷയം ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-19 വിൻഡോ മാതൃകയിലുള്ള പത്രപരസ്യങ്ങൾ നിർദ്ദിഷ്ട വലിപ്പത്തിൽ കൂടുതൽ നൽകിയത് അധികചെലവിന് ഇടയാക്കുന്നു

പ്രോജക്ടിന്റെ പേര്-പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിട്ടറിംഗ് ചെലവുകൾ (S0010/22)

ചെലവ് : 207726/- (161476-വി.ഫണ്ട്(ജനറൽ), 46250-തനത് ഫണ്ട്)

ബിൽ റഫറൻസ് നം. 1111638/30.1.2023, 9744/-

ബിൽ റഫറൻസ് നം. 1066919/11.1.2023, 8282/-

നിർവ്വഹണം - സെക്രട്ടറി

സ.ഉ(അ)/01/04/ഐ.ആൻഡ്.പി.ആർ, തീയതി. 01-01-04 നമ്പർ സർക്കാർ ഉത്തരവിലൂടെ വിൻഡോ മാതൃകയിൽ നൽകുന്ന പരസ്യങ്ങൾ (8cmx3cm)=24cm$^2$ വലിപ്പത്തിൽ ആയിരിക്കണം എന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിൽ 2022-23 വർഷം മാതൃഭൂമി ദിനപത്രത്തിൽ നൽകിയ ടെണ്ടർ പരസ്യം "വിൻഡോ" രൂപത്തിൽ ആണെങ്കിലും നിർദ്ദിഷ്ട വലുപ്പത്തിൽ കൂടുതലുള്ളവയായിരുന്നു. കൂടാതെ 21-10-22 നൽകിയ പരസ്യത്തിന് 15% ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പരസ്യം നൽകിയ തീയതി | പരസ്യത്തിന്റെ വലിപ്പം (സെ.മീ സ്ക്വയറിൽ) | അനുവദിച്ച തുക @290/cm$^2$ +Gst | 3x8cm$^2$ വലിപ്പത്തിൽ വിൻഡോ പരസ്യത്തിന് അനുവദിക്കാവുന്ന തുക (15%ഡിസ്കൗണ്ട് കുറച്ചത്) @290/cm$^2$ +Gst | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | 21-10-22 | 8x4 | 9744/- | 6212/- | 3532 |
| 2 | 5-11-22 | 8x4 | 8282/- (ഡിസ്കൗണ്ട് കഴിഞ്ഞ്) | 6212/- | 2070 |

പത്ര പരസ്യം നൽകിയപ്പോൾ പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടില്ല എന്നത് കാരണം പരസ്യം

പ്രസിദ്ധീകരിച്ച ഇനത്തിൽ അധികച്ചെലവിനിടയായിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(9/21.8.2023) മറുപടി ലഭ്യമാക്കിയില്ല. ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-20 ക്വട്ടേഷൻ ക്ഷണിക്കാതെ വാങ്ങൽ നടത്തി

പ്രോജക്ടിന്റെ പേര് – കേരളോത്സവം(S0176/23)

അടങ്കൽ : 1 ലക്ഷം

ചെലവ് : 77579/-(ചെക്ക് നം. 044958/13.12.2022)

ടി പദ്ധതിയുമായി ബന്ധപ്പെട്ട് ചേർത്തലയിലെ ഒളിമ്പിക് സ്പോർട്സ് എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം. 5280/25.11.22 പ്രകാരം 33570/- രൂപയുടെ സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളതായി കാണുന്നു. എന്നാൽ 2013ലെ സ്റ്റോർ പർച്ചേസ് മാനുവൽ (ഖ.7.6,7.31) പ്രകാരം 15000/- നും 100000/- ഇടയിലുള്ള വാങ്ങലുകൾ ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങണമെന്നിരിക്കെ മേൽ പർച്ചേസുമായി ബന്ധപ്പെട്ട് ക്വട്ടേഷൻ ക്ഷണിക്കാതെയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.9/21.8.2023) മറുപടി ലഭ്യമാക്കിയില്ല. സ്റ്റോർ പർച്ചേസ് മാന്വലിലെ നിർദ്ദേശങ്ങൾ പാലിച്ച് വാങ്ങലുകൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

1-21 വീട് പുനരുദ്ധാരണം-പദ്ധതി പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ടിന്റെ പേര് : വീട് പുനരുദ്ധാരണം ജനറൽ – സ്പിൽ ഓവർ(S0068/23)

അടങ്കൽ: 895000(വി.ഫണ്ട്-ജനറൽ, തനത് ഫണ്ട്)

ചെലവ്: 718000

വീട് പുനരുദ്ധാരണത്തിനായി മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഒരു ഗുണഭോക്താവിന് പരമാവധി 25000/- രൂപയാണ് നൽകുന്നത്. വിഇഒ (ഒറ്റപ്പുന്ന സർക്കിൾ) സ്പിൽ ഓവറായി നിർവ്വഹണം നടത്തിയ ടി പദ്ധതി പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ ഭവനപുനരുദ്ധാരണത്തിനായി ആദ്യ ഗഡു (12000/- രൂപ) കൈപ്പറ്റിയ ഗുണഭോക്താക്കൾക്ക് നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് ശേഷിക്കുന്ന തുക നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. എന്നാൽ 2021-22 ൽ ആദ്യ ഗഡു കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഇപ്പോഴും നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| പേര് | വാർഡ് | നൽകിയ തുക |
|---|---|---|
| ദിലീപ് കുമാർ, തുമ്പയിൽ പറമ്പ് | 7 | 12000 |
| സുരേഷ്, പീടികച്ചിറ | 8 | 12000 |
| കൊച്ചുനാരായണൻ, കുമ്പയിൽ | 14 | 12000 |
| ലിസി, തറയിൽ | 14 | 12000 |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിനുള്ള മറുപടിയിൽ ടി ഗുണഭോക്താക്കൾ സാമ്പത്തിക ബുദ്ധിമുട്ട് മൂലമാണ് നിർമ്മാണം പൂർത്തിയാക്കാത്തതെന്നും 2023 ഡിസംബറിനകം പൂർത്തീകരിച്ചില്ലെങ്കിൽ തുക തിരികെ ഈടാക്കുന്നതാണെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതായും അറിയിച്ചു. ദീർഘകാലമായി നിർമ്മാണം പൂർത്തിയാക്കാത്ത ടി ഗുണഭോക്താക്കൾ നിശ്ചിത സമയപരിധിക്കകം നിർമ്മാണം പൂർത്തിയാക്കാത്തപക്ഷം ആദ്യ ഗഡുവായി നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-22 പദ്ധതികൾ നടപ്പിലാക്കുന്നതിലെ വിമുഖത- വികസന ഫണ്ട് നഷ്ടമാകുവാനിടയാക്കി


ഗ്രാമ പഞ്ചായത്തിൽ തൻവർഷം സ്പിൽ ഓവർ ഉൾപ്പെടെ 196 പദ്ധതികൾ നടപ്പിലാക്കുന്നതിന് അനുമതി ലഭിച്ചിരുന്നു. എന്നാൽ ആകെ 116 പദ്ധതികൾ മാത്രമേ ഭാഗികമായും അല്ലാതെയും നടപ്പിലാക്കിയിട്ടുള്ളൂ. അംഗീകാരം ലഭിച്ചതിൽ കൂടുതൽ പദ്ധതികളുടേയും നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനീയർ ആയിരുന്നു. അസിസ്റ്റന്റ് എഞ്ചിനീയർക്ക് 56 പദ്ധതികളും സെക്രട്ടറിക്ക് 40 പദ്ധതികളും നടപ്പിലാക്കുന്നതിന് അംഗീകാരം ലഭിച്ചിരുന്നു. എന്നാൽ ചെലവ് രേഖകൾ പ്രകാരം ഭാഗികമായി നടപ്പിലാക്കിയവ ഉൾപ്പെടെ അസിസ്റ്റന്റ് എഞ്ചിനീയർ 14 പദ്ധതികൾ മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. അതുപോലെ സെക്രട്ടറി 27 പദ്ധതികൾക്കായും പണം ചെലവഴിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികൾക്കായി 2,84,04,800/-രൂപ അടങ്കൽ നിശ്ചയിച്ചിരുന്നുവെങ്കിലും 66,86,335/-രൂപ മാത്രമേ തൻവർഷം ചെലവഴിക്കപ്പെട്ടുള്ളൂ. വിശദ വിവരം ചുവടെ ചേർക്കുന്നു.

<table>
<tr><th rowspan="2">നിർവ്വഹണ ഉദ്യോഗസ്ഥൻ</th><th rowspan="2">വികസന ഫണ്ട് പൊതുവിഭാഗം</th><th rowspan="2">ധനകാര്യ കമ്മീഷൻ ഗ്രാന്റ്</th><th rowspan="2">കേന്ദ്രാവിഷ്കൃത ഫണ്ട്</th><th colspan="2">മെയിന്റനൻസ് ഗ്രാന്റ്</th></tr>
<tr><th>റോഡ്</th><th>റോഡിതരം</th></tr>
<tr><td>അസിസ്റ്റന്റ് എഞ്ചിനീയർ</td><td>74333</td><td>1,19,63,120</td><td>19,70,000</td><td>44,59,000</td><td>63,68,837</td></tr>
<tr><td>ആകെ ചെലവഴിച്ച തുക</td><td>74333</td><td>20,80,480</td><td>7,79,962</td><td>12,08,073</td><td>19,96,978</td></tr>
<tr><td>നഷ്ടമായ തുക</td><td>00</td><td>98,82,640</td><td>11,90,038</td><td>32,50,927</td><td>43,71,859</td></tr>
<tr><td>ചെലവ് ശതമാനം</td><td>100</td><td>17</td><td>40</td><td>27</td><td>31</td></tr>
<tr><td>അംഗീകാരം ലഭിച്ച പദ്ധതികൾ</td><td colspan="5">56</td></tr>
<tr><td>നടപ്പിലാക്കിയവ</td><td colspan="5">14</td></tr>
<tr><td>ശതമാനം</td><td colspan="5">24</td></tr>
</table>

പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (6/21.8.23) മറുപപടി ലഭ്യമാക്കിയില്ല. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഭരണസമിതിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-22-1 പദ്ധതി വിഹിതം- മേഖല തിരിച്ചുള്ള ചെലവ് വിവരം

ഗ്രാമ പഞ്ചായത്തിൽ തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികൾ പ്രകാരം വിവിധ മേഖലകളിലെ വികസന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുകയിൽ വളരെ കുറഞ്ഞ ശതമാനം മാത്രമാണ് ചെലവഴിക്കപ്പെട്ടിട്ടുള്ളത്. ഉത്പാദന മേഖലയിലെ വികസന പ്രവർത്തനങ്ങൾക്കായി വിവിധ പദ്ധതികൾക്ക് തൻവർഷം 2,02,91,494/- രൂപ വകയിരുത്തിയിരുന്നെങ്കിലും 37,67,695/-രൂപ മാത്രമാണ് ചെലവഴിക്കപ്പെട്ടത്. അതായത് വകയിരുത്തിയ തുകയുടെ 18.56% മാത്രമേ ചെലവഴിച്ചുള്ളൂ. അതുപോലെ സേവന മേഖലയിൽ 24,15,45,760/-രൂപ വകയിരുത്തിയിരുന്നെങ്കിലും 3,39,98,953/-രൂപ മാത്രമാണ് (14.08%)ചെലവഴിക്കപ്പെട്ടത്. കൂടാതെ പശ്ചാത്തല മേഖലയിൽ 1,81,60,880/-രൂപ വകയിരുത്തിയിരുന്നെങ്കിലും 74,13,930/-രൂപ മാത്രമാണ് (40.8%) ചെലവഴിക്കപ്പെട്ടത്.




വിവിധ മേഖലകളിലെ വികസന പ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന തുകകൾ അതത് മേഖലകളിലെ സമയ ബന്ധിതമായി പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ ചെലവഴിക്കുന്നതിന് അതീവ ജാഗ്രത പുലർത്തേണ്ടതാണ്. അല്ലാത്തപക്ഷം ഗ്രാന്റ് വിഹിതത്തിൽ കുറവ് വരുന്നതിനും ആയത് ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതുമാണ്.

## 1-23 മഴക്കാലപൂർവ്വ ശുചീകരണം - തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ല

മഴക്കാല പൂർവ്വ ശുചീകരണത്തിനായി ശുചിത്വമിഷൻ ഫണ്ടിൽ നിന്നും കേരള ബാങ്ക് ആലപ്പുഴയുടെ 19.05.2022 തീയതിയിലെ 041631 നമ്പർ ചെക്ക് മുഖേന 170000/- രൂപ പിൻവലിച്ച് 10000/-രൂപ വീതം ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിലെയും വാർഡ്തല സാനിട്ടേഷൻ സമിതിക്ക് നൽകിയിട്ടുണ്ട്. ഇതിൽ പല വാർഡുകളിലും തുക പൂർണ്ണമായി ചെലവഴിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | ലഭിച്ച തുക | ചെലവഴിക്കാത്ത തുക |
|---|---|---|
| VI | 10000 | 3000 |
| VII | ,, | 3000 |
| XI | ,, | 2500 |
| XIII | ,, | 2500 |
| XIV | ,, | 5000 |
| XVI | ,, | 5000 |

കൂടാതെ 11, 14 വാർഡുകളിലെ സാനിട്ടേഷൻ സമിതികളുടെ പാസ്സ്ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. സമയബന്ധിതമായി പൂർത്തിയാക്കേണ്ട മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തിയിരിക്കുന്നതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർ (പിഎച്ച്സി) ക്കുനൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/23.08.2023) മറുപടി ലഭ്യമായിട്ടില്ല. വാർഡ്തല സാനിട്ടേഷൻ സമിതിയുടെ അക്കൗണ്ടുകളിൽ ചെലവഴിക്കാതെ ബാക്കിനിൽക്കുന്ന തുകകൾ അടിയന്തിരമായി തിരികെ ഒടുക്കു വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-24 വയോജനങ്ങൾക്ക് കട്ടിൽ - ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല

പ്രോജക്ട് നം. - 177/2022-23

പ്രോജക്ടിന്റെ പേര് - വയോജനങ്ങൾക്ക് കട്ടിൽ

അടങ്കൽ - 400000/-

ചെലവ് - 396718

നിർവ്വഹണം - ഐ സി ഡി എസ്സ് സൂപ്പർവൈസർ

ബിൽ നമ്പർ - 36/18.03.2023 (204494/- രൂപ)

38/30.03.2023 (192224/- രൂപ)

മേൽ പദ്ധതി പ്രകാരം കട്ടിൽ ലഭിച്ചിട്ടുള്ള താഴെ പറയുന്ന ഗുണഭോക്താക്കൾ പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവരാണെന്നു തെളിയിക്കുന്ന രേഖകളൊന്നും തന്നെ ഹാജരാക്കിയിട്ടില്ല.

1) ശ്രീ.മനോഹരൻ, പുതുവൽ നികർത്ത് (വാർഡ്- 01)

2) ശ്രീമതി.രമണി, സുജേഷ് ഭവനം (വാർഡ് - 01)

3) ശ്രീമതി.സാവിത്രി, തമ്പുരാൻപടിക്കൽ (വാർഡ് -15)

4) ശ്രീ.ദിവാകരൻ, പുതുവൽ നികർത്ത് ( വാർഡ്-01)

ഇക്കാര്യത്തിൽ ആവശ്യമായ രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21/23.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കുവേണ്ടി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ അവർക്കുതന്നെ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതത് അനിവാര്യമാണ്. അതുപോലെ തൻവർഷം ടി പദ്ധതി പ്രകാരം പട്ടികജാതിയിൽപ്പെട്ട 96 വയോജനങ്ങൾക്കാണ് കട്ടിൽ വാങ്ങി നല്കിയിട്ടുള്ളത്. സർക്കാർ ഉത്തരവ് നം.115/2022/ത.സ്വ.ഭ.വ തീയതി.28.05.2022 പ്രകാരം പുറപ്പെടുവിക്കപ്പെട്ട സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 7.1.14 (2) പ്രകാരം നിരാലംബരായ 60 വയസ് കഴിഞ്ഞ വയോജങ്ങൾക്കും ശയ്യാവലംബരായ നിർദ്ധന രോഗികൾക്കുമാണ് കട്ടിൽ വാങ്ങി നല്കേണ്ടതെന്ന് പറഞ്ഞിരിക്കുന്നു. തൻവർഷം ഈ പദ്ധതി പ്രകാരം കട്ടിൽ കൈപ്പറ്റിയ ഗുണഭോക്താക്കൾ നിരാലംബരാണെന്നോ, ശയ്യാവലംബരാണെന്നോ തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. മേലിൽ പ്രസ്തുത പദ്ധതികൾ നടപ്പാക്കുമ്പോൾ ഇപ്പറഞ്ഞ വിഷയങ്ങളിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

1-25 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - തൊഴുത്ത് നിർമ്മാണം- എസ്കവേറ്റഡ് എർത്ത് വിനിയോഗിച്ചില്ല

അളവു പുസ്തകം - 260/2021-22

വ്യക്തിഗത പ്രവൃത്തി - തൊഴുത്ത് നിർമ്മാണം -വിജയമ്മ സദാനന്ദൻ

വർക്ക് കോഡ്- IF-605854

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ അളവ് പുസ്തകം പുറം 2ലെ രേഖപ്പെടുത്തൽ പ്രകാരം ഷെഡ്, ടാങ്ക്, റാമ്പ് എന്നിവയുടെ നിർമ്മാണത്തിനായി ഒന്നാമിനമായി 4.406$m^3$ മണ്ണ് എസ്കവേറ്റ് ചെയ്തിട്ടുണ്ട്. കൂടാതെ മൂന്നാമിനമായി ഫില്ലിംഗ് വിത്ത് കോൺട്രാക്ടേഴ്സ് ഓൺ എർത്ത് എന്നയിനം അളവ് പുസ്തകം പുറം 6 പ്രകാരം 5.17$m^3$ ചെയ്തിട്ടുണ്ട്. ഇത് 3.976$m^3$ൽ പരിമിതപ്പെടുത്തി 1220.97/$m^3$ നിരക്കിൽ മൂല്യ നിർണ്ണയം നടത്തി തുക നൽകിയിട്ടുണ്ട്. ഒന്നാമിനമായി കുഴിച്ചെടുത്ത മണ്ണിന്റെ 60% (2.64$m^3$), ഫില്ലിംഗിനായി വിനിയോഗിക്കാമെന്നിരിക്കെ അപ്രകാരം ചെയ്യുകയോ കുഴിച്ചെടുത്ത മണ്ണിന്റെ

വിനിയോഗവിവരം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ മൂന്നാമിനമായി ചെയ്ത പ്രവർത്തിക്ക് (3.976-2.64), 1.336$m^3$ ന് മാത്രമേ 1220.97/$m^3$ നിരക്കിൽ മൂല്യനിർണ്ണയം നടത്തേണ്ടതുള്ളൂ. ശേഷിക്കുന്ന 2.64$m^3$ ന് ഫില്ലിംഗ് ചാർജ്ജ് മാത്രം നൽകിയാൽ മതിയാകുന്നതാണ്. സെക്യൂർ ഡേറ്റ 80.5.2.25.1 പ്രകാരം 1$m^3$ എർത്ത് ഫില്ലിംഗിനാവശ്യമായ ലേബർ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| Mate 0.02@311 | 6.22 X 2.64 | 16.42 |
| Coolie 0.25@311 | 77.75x2.64 | 205.26 |
| Bhisti 0.02@800 | 16x2.64 | 42.24 |
| ആകെ | 99.97/$m^3$ | 264 |

മേൽ സൂചിപ്പിച്ച പ്രകാരം മൂന്നാമിനത്തിന് അനുവദിക്കാവുന്ന തുക (1.336$m^3$ X1220.97/$m^3$ =1631)+

(2.64$m^3$x99.97/$m^3$=264) = 1895/- രൂപ മാത്രമാണ്. എന്നാൽ ഇതിന് വിരുദ്ധമായി 4854/-രൂപ നൽകിയിട്ടുള്ളതായി കാണുന്നു. ആയതിനാൽ അധികം നൽകിയ 2959/-രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയർ (തൊഴിലുറപ്പ് വിഭാഗം), അസിസ്റ്റന്റ് സെക്രട്ടറി എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

1-26 കാലിവീപ്പയുടെ വില,ജി.എസ്.ടി എന്നിവ കുറവ് ചെയ്തില്ല

ഗ്രാമപഞ്ചായത്തിൽ 2022-23ൽ നടപ്പിലാക്കിയ മരാമത്തു പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. എന്നാൽ കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയും 18% നിരക്കിൽ ജി.എസ്.ടിയും ഉൾപ്പെടെയുള്ള തുക കുറവ് ചെയ്യാതിരുന്നതുമൂലം കരാറുകാരന് അധികം നൽകി. സർക്കാർ ഉത്തരവ് (പി) 177/06 ഫിൻ 12.4.06 ഖണ്ഡിക 10.3 പ്രകാരം ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ തിരിച്ചടക്കേണ്ടതും. ജി.എസ്.ടി പ്രത്യേകം പിൻവലിച്ച് ബന്ധപ്പെട്ട വകുപ്പിലേക്ക് ഒടുക്ക് വരുത്തേണ്ടതുമാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട്/ പേര് | കരാറുകാരന്റെ പേര് | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 18% ജി.എസ്.ടി ഉൾപ്പെടെ 281/-രൂപ നിരക്കിൽ ബില്ലിൽ കുറവ് ചെയ്യേണ്ട തുക | ജി.എസ്. ടിയിനത്തിൽ ഒടുക്കേണ്ട തുക | കരാറു കാരന് അധികം നൽകിയത് | ബിൽ നമ്പർ തിയതി |
|---|---|---|---|---|---|---|---|
| 1 | 6/23 സെന്റ് മേറീസ് പരദേവതാ റോഡ് റീടാറിംഗ് | പി. പങ്കജാക്ഷൻ പിള്ള (ധനകാര്യ കമ്മീഷൻ | 5 ബാരൽ | 1405 | 215 | 1405 | 22201273/ 30.3.23<br>548175 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | ഗ്രാന്റ്) | | | | | |
| 2 | 5/23 കോപ്പായി സ്വാഗതം റോഡ് റീടാറിംഗ് | പി. പങ്കജാക്ഷൻ പിള്ള (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 7 ബാരൽ | 1967 | 301 | 1967 | 22201274/ 30.3.23 573047 |
| 3 | 237/23 ദിവാകരൻ ഭാഗവതർ പള്ളത്തറ റോഡ് റീടാറിംഗ് | വി.ഒ.ജോസഫ് (റോഡ് മെയിന്റനൻസ് ഗ്രാന്റ്) | 13 ബാരൽ | 3653 | 559 | 3653 | 7/23.2.23 600000 |
| ആകെ | | | | | | 7025 | |

മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (7/21.8.23) മറുപടി ലഭ്യമാക്കിയില്ല. കാലിവീപ്പയുടെ വില, ജി.എസ്.ടി എന്നിവ കുറവ് ചെയ്യാതിരുന്നതുമൂലം കരാറുകാരന് അധികം നൽകിയ 7025/-രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-27 കാലിവീപ്പയുടെ വിലയും 18% നിരക്കിൽ ജി.എസ്.ടിയും തനത് ഫണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്നു

ഗ്രാമപഞ്ചായത്തിൽ 2022-23ൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. എന്നാൽ കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയും 18% നിരക്കിൽ ജി.എസ്.ടിയും ഉൾപ്പെടെയുള്ള തുക പിൻവലിച്ച് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്നു. സർക്കാർ ഉത്തരവ് (പി) 177/06 ഫിൻ 12.4.06 ഖണ്ഡിക 10.3 പ്രകാരം ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ തിരിച്ചടക്കേണ്ടതും. ജി.എസ്.ടി പ്രത്യേകം പിൻവലിച്ച് ബന്ധപ്പെട്ട വകുപ്പിലേക്ക് ഒടുക്ക് വരുത്തേണ്ടതുമാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട്/പേര് | കരാറുകാരന്റെ പേര് | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 18%ജി. എസ്.ടി ഉൾപ്പെടെ 281രൂപ നിരക്കിൽ ബില്ലിൽ കുറവ് ചെയ്ത തുക | ജി.എസ്.ടി യിനത്തിൽ ഒടുക്കേണ്ട തുക | സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുക | ബിൽ നമ്പർ തിയതി |
|---|---|---|---|---|---|---|---|
| 1 | 67/22, (79/23) തിരുനെല്ലൂർ കാവിൽ റോഡ് ടാറിംഗ് | തങ്കച്ചൻജെ. (റോഡ് മെയിന്റനൻസ് ഗ്രാന്റ്) | 8ബാരൽ | 2248 | 344 | 2248 | 4/ 22.12.22, 280000 |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | 84/23, (197/22) കാർഗിൽ കടവിൽപറമ്പിൽ റോഡ് ടാറിംഗ് | പങ്കജാക്ഷൻ പിള്ള തനത് ഫണ്ട് | 7ബാരൽ | 1967 | 301 | 341 | ചെക്ക് നമ്പർ 45231/ 24.12.22 |
| 3 | 80/23 മഠത്തിൽ കായിപ്പുറം റോഡ് ടാറിംഗ് | തങ്കച്ചൻജെ. (റോഡ് മെയിന്റനൻസ് ഗ്രാന്റ്) | 7ബാരൽ | 1967 | 301 | 1967 | 5/ 22.12.22 285075 |
| 4 | 78/23 പ്രതീക്ഷക്കവല മേനോൻകാട്ടിൽ റോഡ് ടാറിംഗ് | പങ്കജാക്ഷൻ പിള്ള തനത് ഫണ്ട് | 4ബാരൽ | 1124 | 172 | 172 | Che 45232/ 24.12.22 114849 |
| 5 | 85/23 കിഴക്കേവെളി റോഡ് ടാറിംഗ് | പങ്കജാക്ഷൻ പിള്ള (വികസന ഫണ്ട് പൊതു വിഭാഗം | 4ബാരൽ | 1124 | 172 | 1124 | 2/ 22.12.22 74333 |
| ആകെ | | | | | 1290 | | |

മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (7/21.8.23) മറുപടി ലഭ്യമാക്കിയില്ല. ജി.എസ്.ടി ഇനത്തിൽ കുറവ് ചെയ്ത് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള 1290/-രൂപ പിൻവലിച്ച് പ്രസ്തുത വകുപ്പിലേക്ക് ഒടുക്കേണ്ടതാണ്.

1-28 തൊഴിലുറപ്പ് പദ്ധതി - പ്രവൃത്തി പൂർത്തിയായതിന് ശേഷമുള്ള തിയതിയിൽ മസ്റ്റർ റോൾ തയ്യാറാക്കി കൂലി വിതരണം ചെയ്തു

വർക്ക് കോഡ് - RC/357184

എം.എൽ.എ നെടുന്താറ്റ് റോഡ് മെറ്റലിംഗ്

അടങ്കൽ-461868/- ചെലവ് - 458042, FTO-161758/23.3.2023

മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരൻ-എസ്. അനന്തപൈ

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ, സൈറ്റ് ഡയറി പ്രകാരം 27.12.22ൽ റോഡ് മെറ്റലിംഗ് പ്രവൃത്തി പൂർത്തിയായിട്ടുള്ളതായാണ് ഓവർസീയർ, തൊഴിലുറപ്പ് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇതിന് ശേഷം 31.1.23, 01.2.23 എന്നീ തിയതികളിൽ വീണ്ടും മസ്റ്റർ റോളിൽ പ്രവൃത്തി ചെയ്തതായി രേഖപ്പെടുത്തി (സ്കിൽഡ് ലേബർ) 8 തൊഴിലാളികൾക്ക് 600/- രൂപ നിരക്കിൽ 6400/- രൂപ നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തിയായ ശേഷം വീണ്ടും കൂലി നൽകിയത് അംഗീകരിക്കാവുന്നതല്ല. ക്രമരഹിതമായി ചെലവഴിച്ച 6400/- രൂപ ഉത്തരവാദികളായ അസിസ്റ്റന്റ് എഞ്ചിനീയർ (തൊഴിലുറപ്പ് വിഭാഗം), അസിസ്റ്റന്റ് സെക്രട്ടറി എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (12/21.8.23) മറുപടി ലഭ്യമാക്കിയില്ല.

1-29 തൊഴിലുറപ്പ് പദ്ധതി - ജി.എസ്.ടി ഈടാക്കിയില്ല

വർക്ക് കോഡ് - RC/359195

ചാരിക്കൽ പൈനിങ്കൽ റോഡ് മെറ്റലിംഗ്

അടങ്കൽ-345976/- ചെലവ് - 333391/-

FTO-16667/30.4.2023

മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരൻ-എസ്. അനന്തപൈ

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മിഷൻ ഡയറക്ടർ 30.07.19 ൽ പുറപ്പെടുവിച്ചിട്ടുള്ള നം.957/ഇജിഎസ്സ്/16/ആർഇജിഎസ്സ് സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം, 2017 ലെ CGST/SGST നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ, അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ/വ്യാപാരിയിൽ നിന്നും 2% തുക GST ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് ജി.എസ്.ടി. വകുപ്പിൽ ഒടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ചാരിക്കൽ പൈനിങ്കൽ റോഡ് മെറ്റലിംഗ് എന്ന പ്രവർത്തിക്ക് ആവശ്യമായ ക്വാറിമക്ക്, ഗ്രഡ് എർത്ത്, മെറ്റൽ എന്നിവ സപ്ലൈ ചെയ്തിട്ടുള്ള കരാറുകാരന് 311707/-രൂപ നൽകിയിട്ടുണ്ടെങ്കിലും ബില്ലിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട 2% ജിഎസ്ടി കുറവ് ചെയ്തിട്ടില്ല. ഇത് മൂലം 6234/- രൂപയുടെ നഷ്ടം സംഭവിച്ചു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 12/21-08-23) മറുപടി നൽകിയില്ല. ജി.എ.സ്.ടി കുറവ് ചെയ്യാതിരുന്നതുമൂലം നഷ്ടമായ 6234/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി ജി.എസ്.ടി. വകുപ്പിൽ ഒടുക്ക് വരുത്തേണ്ടതാണ്.

1-30 തൊഴിലുറപ്പ് പദ്ധതി - എർത്ത് ഫില്ലിംഗ് കൺസോളിഡേഷൻ കുറവ് ചെയ്തില്ല

തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കിയ താഴെ പറയുന്ന റോഡ് മെറ്റലിംഗ് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ഫില്ലിംഗ് വിത്ത് കോൺട്രാക്ടേഴ്സ് ഓൺ എർത്ത് എന്നയിനത്തിന്റെ അളവ് രേഖപ്പെടുത്തിയതനുസരിച്ച് യാതൊരു വിധ കൺസോളിഡേഷൻ സാക്ഷ്യപത്രങ്ങളും രേഖപ്പെടുത്തുകയോ ടേപ്പ് മെഷർമെന്റ് വ്യത്യാസം 10% കുറവ് ചെയ്യാതെയുമാണ് ഫൈനൽ ബിൽ തയ്യാറാക്കി 1180/$m^3$ നിരക്കിൽ മൂല്യനിർണ്ണയം നടത്തിയിട്ടുള്ളത്. സി.പി.ഡബ്ല്യൂ.ഡി സ്പെസിഫിക്കേഷൻ 1.27.1.2 പ്രകാരം ലൈറ്റ് മെക്കാനിക്കൽ മെഷിണറി ഉപയോഗിച്ച് കൺസോളിഡേറ്റ് ചെയ്താൽ 10%വും ഹെവി മെക്കാനിക്കൽ മെഷിണറി ഉപയോഗിച്ച് കൺസോളിഡേറ്റ് (Not Under OMC) ചെയ്താൽ 5%വും കുറവ് ചെയ്ത് മാത്രം മൂല്യനിർണ്ണയം നടത്തേണ്ടതാണ്. എന്നാൽ ഇപ്രകാരം ചെയ്തിട്ടുള്ളതായി കാണുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | എർത്ത് ഫില്ലിംഗ് നടത്തിയ അളവ് | അളവ് പുസ്തകം നമ്പർ/ കരാറുകാരന്റെ പേര് | കൺസോളിഡേഷൻ കുറവ് ചെയ്ത് മൂല്യ നിർണ്ണയം നടത്താവുന്ന അളവ് | നിരക്ക് | നൽകിയ തുക | നൽകാവുന്ന തുക | അധികം | ബിൽ നമ്പർ/ തിയതി |
|---|---|---|---|---|---|---|---|---|
| RC/357184 എം.എൽ.എ നെടുന്താറ്റ് റോഡ് മെറ്റലിംഗ് | 175.65$m^3$ | 71/22-23 എസ്. അനന്തപൈ | 158.09$m^3$ | 1180/$m^3$ | 207267 | 186546 | 20721 | ലഭ്യമാക്കിയില്ല |
| RC/359195 | 121.20$m^3$ | 97/22-23 | 109.08$m^3$ | 1180/$m^3$ | 143016 | 128714 | 14302 | FTO- |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ചാരിക്കൽ പൈനിങ്കൽ റോഡ് മെറ്റലിംഗ് | | എസ്. അനന്തപൈ | | | | | | 16667/ 30.4.2023 |
| ആകെ | | | | | | | 35023 | |

മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള വിധം കൺസോളിഡേഷൻ 10% കുറവ് ചെയ്യാതിരുന്നതുമൂലം കരാറുകാരന് അധികം നൽകിയ 35023/-രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയർ (തൊഴിലുറപ്പ് വിഭാഗം), അസിസ്റ്റന്റ് സെക്രട്ടറി എന്നിവരിൽ നിന്നോ ഈടാക്കേണ്ടതാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (12/21.8.23) മറുപടി ലഭ്യമാക്കിയില്ല.

## 1-31 കരാർ പ്രവൃത്തിക്ക് ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവയ്ക്ക് കരാർ തുകയുടെ 0.2% തുക ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവയ്ക്ക് കരാർ തുകയുടെ 0.2% തുക ഈടാക്കിയതായി കാണുന്നില്ല. പ്രൈസ് 3 സോഫ്റ്റ്വെയർ പ്രകാരം വെച്ചിട്ടുള്ള എഗ്രിമെന്റിലെ വ്യവസ്ഥ 12 അനുസരിച്ച് കരാർ തുകയുടെ 0.5% (കുറഞ്ഞത് 2 ലക്ഷം കൂടിയത് 5 ലക്ഷം രൂപ) മൂല്യം വരുന്ന ഇൻഷ്വറൻസ് കരാറുകാരൻ എടുക്കേണ്ടതും ആയത് നിർവ്വഹണ ഉദ്യോഗസ്ഥനെ ഏല്പിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ ഇപ്രകാരം ഇൻഷ്വറൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നമ്പർ | പ്രവൃത്തി | പ്രോജക്ട് നമ്പർ- | കരാറുകാരന്റെ പേര് | പി.എ.സി | 0.2%നിരക്കിൽ ഈടാക്കേണ്ട തുക |
|---|---|---|---|---|---|
| 1 | സെന്റ്മേരീസ് പരദേവതാ റോഡ് റീടാറിംഗ് | 6/23 | പി.പങ്കജാക്ഷൻപിള്ള | 464603 | 929 |
| 2 | കോപ്പായി സ്വാഗതം റോഡ് റീടാറിംഗ് | 5/23 | പി.പങ്കജാക്ഷൻപിള്ള | 489762 | 980 |
| 3 | ദിവാകരൻ ഭാഗവതർ പള്ളത്തറ റോഡ് റീടാറിംഗ് | 237/23 | വി.ഒ.ജോസഫ് | 555003 | 1110 |
| 4 | സ്കൂൾ കെട്ടിടങ്ങളുടെ മെയിന്റനൻസ് | 32/23 | ജെ.തങ്കച്ചൻ | 954190 | 1908 |
| ആകെ | | | | | 4927 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (19/9.8.23) മറുപടി ലഭ്യമാക്കിയില്ല. ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും കരാർ തുകയുടെ 0.2% നിരക്കിൽ ഫൈൻ ഈടാക്കാതിരുന്നതുമൂലം നഷ്ടമായ 4927/-രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

## 1-32 കാർബൺ ന്യൂടൽ പഞ്ചായത്ത്-പദ്ധതി ലക്ഷ്യം കൈവരിക്കാതെ പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ടു

പ്രോജക്ടിന്റെ പേര്-കാർബൺ ന്യൂടൽ പഞ്ചായത്ത് (S0218/23)

അടങ്കൽ : 250000(കേന്ദ്രഫണ്ട് 2 ലക്ഷം, തനത് ഫണ്ട് 50000)

ചെലവ് : 6000/- (തനത് ഫണ്ട്) (Ch. No.046440/31.3.23)

നിർവ്വഹണം - സെക്രട്ടറി

IRTC യുമായി സഹകരിച്ച് നടത്തുന്ന പദ്ധതിയുടെ ആദ്യഘട്ടമായി ബോധവത്ക്കരണ പ്രവർത്തനങ്ങൾ, അന്തരീക്ഷത്തിലെ കാർബൺ അളവ് കണ്ടുപിടിക്കുന്നതിനുള്ള പഠനം, പ്ലാസ്റ്റിക് മാലിന്യ സംസ്കരണം, മരങ്ങൾ വച്ച് പിടിപ്പിക്കൽ മുതലായ പ്രവർത്തനങ്ങൾ ചെയ്ത് അന്തരീക്ഷത്തിലെ കാർബണിന്റെ അളവ് കുറയ്ക്കുവാനായി പദ്ധതി ലക്ഷ്യം വയ്ക്കുന്നു. എന്നാൽ പരിശീലന പരിപാടിയുടെ ഭാഗമായി ചെലവിനത്തിൽ തനത് ഫണ്ടിൽ നിന്നും 6000/- രൂപ ചെലവഴിച്ചതൊഴിച്ചാൽ മറ്റ് പ്രവർത്തനങ്ങളൊന്നും നടന്നതായി ഫയലിൽ കാണുന്നില്ല. തുടർ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടോ എന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.9/21.8.2023) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. പദ്ധതിയുമായി ബന്ധപ്പെട്ട തുടർപ്രവർത്തനങ്ങങ്ങൾ ഊർജ്ജിതമാക്കേണ്ടതാണ്.

## 1-33 പദ്ധതി പൂർത്തീകരിച്ച് വിനിയോഗരേഖകൾ ഹാജരാക്കിയില്ല

1. സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികൾക്കായി കെ.എസ്.ഇ.ബി തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ഓഡിറ്റ് വർഷം നൽകിയെങ്കിലും പദ്ധതി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്റ്റിന്റെ പേര് | ചെലവ് വിവരം | എസ്റ്റിമേറ്റ് പ്രകാരം നൽകിയ തുക |
|---|---|---|---|
| 1 | ഗാന്ധിനഗർ അണിയത്തറ റോഡ് സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (S0209/23) | ധനകാര്യ കമ്മീഷൻ ഗ്രാന്റ് – 1 ലക്ഷം<br>(Vr No. XVFC/2022-23/p/44)<br>ജില്ലാ പഞ്ചായത്ത്-99977/-<br>(301/03.3.2023) | 199977 |
| 2 | 17-ാം വാർഡിൽ തെരുവ് വിളക്ക് എക്സ്റ്റൻഷൻ (S0002/23) | ധനകാര്യ കമ്മീഷൻ ഗ്രാന്റ് -3 ലക്ഷം<br>(Vr No. XVFC/2022-23 /p/42,167506/-, XVFC/2022-23 /p/41, 132494/-)<br>ജില്ലാ പഞ്ചായത്ത്-<br>3 ലക്ഷം(300,03.3.2023) | 600000 |
| 3 | പനത്തറക്കരി കായൽ റോഡ് തെരുവ് വിളക്ക് എക്സ്റ്റൻഷൻ(S0208/23) | ധനകാര്യ കമ്മീഷൻ ഗ്രാന്റ് – 1 ലക്ഷം<br>(Vr No. XVFC/2022-23/p/43)<br>ജില്ലാ പഞ്ചായത്ത്-99981/-<br>(302/03.3.2023) | 199981 |
| | ആകെ | | 999958 |

2. ഐ.കെ.എം വിഹിതം നൽകൽ

പ്രോജക്റ്റിന്റെ പേര്-ഐ.കെ.എം വിഹിതം നൽകൽ (S0089/23)

അടങ്കൽ- 100000(വികസനഫണ്ട്-ജനറൽ)

ചെലവ്- 98153 (BRN 478459/29.8.22,98153/-)

ടി പദ്ധതി പ്രകാരം ഐ.കെ.എം ന് തുക കൈമാറിയിട്ടുണ്ടെങ്കിലും വിനിയോഗരേഖകൾ ഹാജരാക്കിയിട്ടില്ല.

മേൽ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിനിയോഗരേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.10/21.8.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.
മേൽ പദ്ധതികൾക്കായി ചെലവഴിച്ച 1098111/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-34 മെൻസ്ട്രൽ കപ്പ് വിതരണം പൂർത്തീകരിച്ചിട്ടില്ല-229353/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ – 212/2022-23
പ്രോജക്ടിന്റെ പേര് – മെൻസ്ട്രൽ കപ്പ് വിതരണം
അടങ്കൽ – 350000/- രൂപ
ചെലവ് – 349800/- രൂപ

ബിൽ നമ്പർ - 15/23.02.2023

നിർവ്വഹണം - മെഡിക്കൽ ഓഫീസർ (പിഎച്ച്സി)
മെൻസ്ട്രൽ കപ്പ് വാങ്ങി വിതരണം ചെയ്യുന്നതിനായി വികസനഫണ്ടിൽ നിന്നും 349800/- രൂപ പിൻവലിച്ച് എച്ച്എൽഎൽ ലൈഫ് കെയർ ലിമിറ്റഡിന് നൽകിയിട്ടുണ്ട്. 300/- രൂപ വിലവരുന്ന 1166 കപ്പുകളാണ് വാങ്ങിയിട്ടുള്ളത് ഇതിൽ 307 എണ്ണം മാത്രമാണ് വിതരണം നടത്തിയതായി രേഖകൾ ഹാജരാക്കിയിട്ടുള്ളത്. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥയായ മെഡിക്കൽ ഓഫീസർ (പിഎച്ച്സി) ക്കു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 20/23.08.2023) മറുപടി ലഭ്യമാക്കുകയുണ്ടായിട്ടില്ല. മെൻസ്ട്രൽ കപ്പ് ലഭിച്ച് മാസങ്ങൾ പിന്നിട്ടിട്ടും വിതരണം പൂർത്തിയാക്കാൻ കഴിയാത്തത് ഗുരുതരമായ വീഴ്ചയായി വിലയിരുത്താവുന്നതാണ്. ഇക്കാര്യത്തിൽ ഒട്ടുംതന്നെ ആവശ്യകതാനിർണ്ണയം നടന്നിട്ടില്ലെന്നതാണ് ഇത് വ്യക്തമാക്കുന്നത്. പ്രസ്തുത സാഹചര്യത്തിൽ വിതരണം പൂർത്തീകരിച്ച് രേഖകൾ ഹാജരാക്കുന്നതിനു വിധേയമായി വിതരണം ചെയ്യാൻ ബാക്കിനിൽക്കുന്ന 859 മെൻസ്ട്രൽ കപ്പുകളുടെ വിലയായ 257700/- രൂപ (859*300) യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-35 അങ്കണവാടി പോഷകാഹാരം - പദ്ധതി നടത്തിപ്പിലെ പോരായ്മകൾ

അനുപൂരക പോഷകാഹാര പരിപാടിയുടെ ഭാഗമായി കുട്ടികൾക്ക് ഭക്ഷണം പാകം ചെയ്യുന്നതിനാവശ്യമായ സാധനങ്ങൾ തിരുനല്ലൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് നീതി സ്റ്റോറിൽ നിന്നുമാണ് വാങ്ങിവരുന്നത്. സാമൂഹ്യ നീതിവകുപ്പിന്റെ 06.08.2019 – ലെ ബി1/493/2019/സാനീവ നം. സർക്കുലർ പ്രകാരം ചില നിബന്ധനകൾക്കു വിധേയമായി സപ്ളൈകോ സ്റ്റോറുകളുടെ NOC കൂടാതെ സർവ്വീസ് സഹകരണ ബാങ്കുകൾ നടത്തുന്ന നീതി സ്റ്റോറുകളിൽ നിന്നും സാധനങ്ങൾ വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. അപ്രകാരം ചെയ്യുമ്പോൾ പ്രസ്തുത സാധനങ്ങളുടെ വില സപ്ളൈകോ സ്റ്റോറുകളിലെ വിലയ്ക്ക് തുല്യമോ കുറവോ ആയിരിക്കണമെന്ന് ടി സർക്കുലറിൽ പറയുന്നു. ഇതു സംബന്ധിച്ച് എല്ലാ മാസവും ഒരു തവണയെങ്കിലും ചുമതലപ്പെട്ട ഉദ്യോഗസ്ഥർ വിലനിലവാരം പരിശോധിച്ച് പ്രത്യേകം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഇപ്രകാരം താരതമ്യ കണക്ക് സൂക്ഷിക്കുന്നതായി ഫയലിൽ കാണുന്നില്ല. ഭക്ഷ്യ സാധനങ്ങൾ വാങ്ങുന്ന സ്ഥാപനങ്ങൾക്ക് ഫുഡ് ആന്റ് സേഫ്റ്റി വകുപ്പിന്റെ അംഗീകാരം ഉറപ്പുവരുത്തേണ്ടുന്ന ഉത്തരവാദിത്വവും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുണ്ട്.

ഇതിൽ എന്തെങ്കിലും പരിശോധന നടത്തുന്നുണ്ടോയെന്നും വ്യക്തമല്ല. ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/23.08.2023) മറുപടി ലഭ്യമായിട്ടില്ല. കുട്ടികൾക്ക് ഭക്ഷണം വിതരണം ചെയ്യുന്നതുപോലെയുള്ള സുപ്രധാന പദ്ധതി നടത്തിപ്പായതിനാൽ മേൽ പറഞ്ഞ വിഷയങ്ങളിൽ സവിശേഷ ശ്രദ്ധ പുലർത്തേണ്ടതാണ്.

### 1-36 കരാറുകാരനിൽ നിന്നും ആദായനികുതി പിടിച്ചെങ്കിലും അടവാക്കിയില്ല

തെരുവ് വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും കരാറുകാരന് നൽകേണ്ട തുകയിൽ, ആദായനികുതി ഇനത്തിൽ 6424/-രൂപ കുറവ് ചെയ്താണ് കരാറുകാരന് നൽകിയിട്ടുള്ളത്. എന്നാൽ ടി തുക ആദായനികുതി വകുപ്പിൽ അടവാക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നു. തുക അടവാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(നം.24/23.8.2023) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. തുക അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ഒക്ക്യുപ്പൻസി സർട്ടിഫിക്കറ്റിന് അനുസൃതമായി വസ്തുനികുതി ഈടാക്കുന്നില്ല - വരുമാന നഷ്ടം 14,418/- രൂപ

വാണിജ്യാവശ്യത്തിനായി നിർമ്മിച്ച കെട്ടിടത്തിന്റെ വസ്തുനികുതി, ടി കെട്ടിടം ഒറ്റ ഒരു ഉപയോഗക്രമത്തിലുള്ള സമുച്ചയം ആയി കണക്കാക്കാതെ ടി കെട്ടിടത്തെ വിവിധ മുറികളായി തരം തിരിച്ച് വിവിധ ഉപയോഗ ക്രമത്തിലുള്ള വ്യത്യസ്ത കെട്ടിടങ്ങളായി പരിഗണിച്ച് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചതു മൂലം പഞ്ചായത്തിന് യഥാർത്ഥത്തിൽ ലഭിക്കേണ്ട വസ്തുനികുതിയിൽ കുറവ് വന്നിട്ടുള്ളതായി പരിശോധനയിൽ കാണുന്നു. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) ൽ ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്നതനുസരിച്ച് വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. അതായത് വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ച് നികുതി നിർണ്ണയിക്കുന്നതിനു പകരം അവയെ ഒന്നായി കണ്ട് നികുതി കണക്കാക്കേണ്ടതാണ്. കെട്ടിടത്തെ ഒന്നായി കണ്ട് ആനുപാതികമായ ഉയർന്ന നിരക്കിൽ നികുതി നിശ്ചയിക്കുന്നതിനു പകരം കെട്ടിടത്തെ ഒന്നിലധികം മുറികളായി കണക്കാക്കി കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിക്കുകയാണ് ചെയ്തിരിക്കുന്നത്.

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ - ചട്ടം 88(2) പ്രകാരം ഹോട്ടലുകളും റസ്റ്റോറന്റുകളും ഉൾപ്പെടുന്ന പ്രത്യേക വാസഗൃഹങ്ങൾ എന്ന ഗണം-A2 (ചട്ടം 25 (B)) വിഭാഗത്തിൽ ഉൾപ്പെടുത്തി 9/2/2021 ലെ C2-BA(1483807/2021) നമ്പർ പെർമിറ്റ് പ്രകാരം നിർമ്മാണം പൂർത്തീകരിച്ചതും 05.08.2022 ന ഗണം-A2 വിഭാഗത്തിൽ ഉൾപ്പെടുത്തി ഉപയോഗ സർട്ടിഫിക്കറ്റ് നൽകിയതുമായ V.N.ബാബു, ശാന്ത ബാബു എന്നിവരുടെ ഉടമസ്ഥതയിലുള്ള വെളിയിൽ കാസിൽസ് എന്ന സ്ഥാപനത്തെ (കെട്ടിട നം: 16/65B മുതൽ 16/65Z വരെ) ഹോട്ടൽ എന്ന ഒറ്റ Entity ആയി കണ്ട് 100 ച:മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള ഹോട്ടലുകൾ, റസ്റ്റോറന്റുകൾ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി 50/- രൂപ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നതിന് പകരം ടി കെട്ടിടത്തിനെ 16/65B മുതൽ 16/65Z വരെയുള്ള വ്യത്യസ്ഥ ഉപയോഗ ക്രമത്തിലുള്ള വിവിധ മുറികളായി

തരം തിരിച്ച് ടി ഓരോ മുറികൾക്കും കുറഞ്ഞ നിരക്കിലുള്ള വ്യത്യസ്ത വസ്തുനികുതി നിരക്കുകൾ പ്രകാരം നികുതി ഈടാക്കിയത് മൂലം പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| കണക്കാക്കേണ്ട വസ്തുനികുതി<br>(നികുതി നിരക്ക്:50രൂ/ച.മീ.) | | കണക്കാക്കിയ വസ്തുനികുതി<br>(സഞ്ചയ പ്രകാരം)<br>അടിസ്ഥാന നികുതി+<br>ലൈബ്രറി സെസ്സ് |
|---|---|---|
| താഴത്തെ നില<br>അടിസ്ഥാന നികുതി+<br>വഴി സൌകര്യം (20%)+<br>ലൈബ്രറി സെസ്സ് | അടിസ്ഥാന നികുതി<br>664 X50 =33200<br>വഴിസൌകര്യം<br>(വർദ്ധനവ് 20%)=<br>6640/-<br>ലൈബ്രറി സെസ്സ് =<br>1992/-<br>ആകെ= 39840+1992=<br>41832/- | 1) 16/65B- 8791+440 =9231<br>2) 16/65BC- 22939+1147=24086<br>3) 16/65BD- 6346+318=6664<br>ആകെ =39981/- |
| ഒന്നാം നില<br>അടിസ്ഥാന നികുതി+<br>വഴി സൌകര്യം (20%)+<br>5% ബഹുനില കെട്ടിടത്തിനുള്ള ഇളവ് +<br>ലൈബ്രറി സെസ്സ് | അടിസ്ഥാന നികുതി<br>563x50 = 28150/-<br>ബഹുനില വാണിജ്യാവശ്യ<br>ഇളവ്(5%) = 1408<br>വഴി സൌകര്യം<br>(വർദ്ധനവ്20%)-5630<br>ലൈബ്രറി സെസ്സ്<br>= 1619<br>ആകെ = 32372+1619=<br>33991 | (അടിസ്ഥാന നികുതി-ബഹുനില വാണിജ്യാവശ്യ ഇളവ് 5%)+വഴിസൌകര്യം(20%)+ലൈബ്രറി സെസ്സ്<br>5) 16/65 E- 1952+98=2050<br>6) 16/65 F- 1952+98=2050<br>7) 16/65 G- 1952+98=2050<br>8) 16/65 H- 1952+98=2050<br>9) 16/65 I – 4882+245=5127<br>10)16/65 J-1329+67=1396<br>11)16/65 J-5654+283=5937<br>12)16/65 J-10006+501=10507<br>ആകെ = 31,167/- |
| രണ്ടാം നില<br>അടിസ്ഥാന നികുതി+<br>വഴി സൌകര്യം (20%)+<br>10% ബഹുനില കെട്ടിടത്തിനുള്ള ഇളവ് +<br>ലൈബ്രറി സെസ്സ് | അടിസ്ഥാന നികുതി<br>563x50 = 28150/-<br>ബഹുനില വാണിജ്യാവശ്യ<br>ഇളവ്(10%) = 2816<br>വഴി സൌകര്യം<br>(വർദ്ധനവ്20%)-5630<br>ലൈബ്രറി സെസ്സ്<br>= 1548<br>ആകെ = 30964+1548<br>=32512 | 13) 16/65 M- 1952+98=2050<br>14) 16/65 N- 1952+98=2050<br>15) 16/65 O- 1952+98=2050<br>16) 16/65 P- 1952+98=2050<br>17) 16/65 Q- 1602+81=1683<br>18)16/65 R- 1602+81=1683<br>19)16/65 S- 1602+81=1683<br>20)16/65 T- 1602+81=1683<br>21)16/65 U- 1602+81=1683<br>22)16/65 V- 3481+175=3656<br>23)16/65 W-1333+67=1400 |

| | | |
|---|---|---|
| | | 24)16/65 X- 2023+102=2125<br>25)16/65 Y- 5879+24=6173<br>ആകെ=29,969/- |
| മൂന്നാം നില<br>അടിസ്ഥാന<br>നികുതി+<br>വഴി സൌകര്യം (20%)+ 10% എയർ കണ്ടീഷൻ<br>15% ബഹുനില കെട്ടിടത്തിനുള്ള ഇളവ് +<br>ലൈബ്രറി സെസ്സ് | അടിസ്ഥാന നികുതി<br>607x50 = 30,350/-<br>ബഹുനില<br>വാണിജ്യാവശ്യ<br>ഇളവ്(15%) = 4553<br>വഴി സൌകര്യം<br>(വർദ്ധനവ്20%)-6070<br>(വർദ്ധനവ്10%) എയർ കണ്ടീഷൻ-3035/-<br>ലൈബ്രറി സെസ്സ്<br>= 1548<br>ആകെ = 34902+1745<br>=36647/- | 26)16/65 Z- 28044+1403=29447<br>ആകെ=29,447 |
| ആകെ | 1,44,982/-/- | 1,30,564/- |
| നികുതിനിർണ്ണയത്തിൽ ഉണ്ടായ കുറവ് | | 14,418/- |

പഞ്ചായത്തിന്റെ 16-ാം വാർഡിലുള്ള പ്രസ്തുത കെട്ടിടത്തിനെ (കെട്ടിട നം: 16/65B മുതൽ 16/65Z വരെ) 3 നിലകളുള്ള ഒറ്റ കെട്ടിടമായി പരിഗണിക്കാതെ വ്യത്യസ്ഥ ഉപയോഗ ക്രമത്തിലുള്ള മേൽ സൂചിപ്പിച്ച 25 വിവിധ കെട്ടിടങ്ങളായി പരിഗണിച്ച് ഓരോ കെട്ടിടങ്ങൾക്കും കുറഞ്ഞ നിരക്കിലുള്ള നികുതി നിർണ്ണയിച്ചതിനാൽ വസ്തുനികുതിയിനത്തിൽ പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ 14,418/-രൂപയുടെ നഷ്ടം ഉണ്ടായി. മേൽ സൂചിപ്പിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് 2022-23 ലെ കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.03/തീയതി.18/08/2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അധികമായി ഇടാക്കേണ്ട കുടിശ്ശിക തുക പഞ്ചായത്തിൽ അടവാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കാലിവീപ്പയുടെ വില,ജി.എസ്.ടി എന്നിവ കുറവ് ചെയ്തില്ല

ഗ്രാമപഞ്ചായത്തിൽ 2022-23ൽ നടപ്പിലാക്കിയ മരാമത്തു പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. എന്നാൽ കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയും 18% നിരക്കിൽ ജി.എസ്.ടിയും ഉൾപ്പെടെയുള്ള തുക കുറവ് ചെയ്യാതിരുന്നതുമൂലം കരാറുകാരന് അധികം നൽകി. സർക്കാർ ഉത്തരവ് (പി) 177/06 ഫിൻ 12.4.06 ഖണ്ഡിക 10.3 പ്രകാരം ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ തിരിച്ചടക്കേണ്ടതും. ജി.എസ്.ടി പ്രത്യേകം പിൻവലിച്ച് ബന്ധപ്പെട്ട വകുപ്പിലേക്ക് ഒടുക്ക് വരുത്തേണ്ടതുമാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട്/ പേര് | കരാറുകാരന്റെ പേര് | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 18% ജി. എസ്.ടി ഉൾപ്പെടെ 281 രൂപ നിരക്കിൽ ബില്ലിൽ കുറവ് ചെയ്യേണ്ട തുക | ജി.എസ്.ടി യിനത്തിൽ ഒടുക്കേണ്ട തുക | കരാറു കാരന് അധികം നൽകിയത് | ബിൽ നമ്പർ തിയതി |
|---|---|---|---|---|---|---|---|
| 1 | 6/23 സെന്റ് മേറീസ് പരദേവതാ റോഡ് റീടാറിംഗ് | പി. പങ്കജാക്ഷൻ പിള്ള (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 5ബാരൽ | 1405 | 215 | 1405 | 22201273/ 30.3.23 548175 |
| 2 | 5/23 കോപ്പായി സ്വാഗതം റോഡ് റീടാറിംഗ് | പി. പങ്കജാക്ഷൻ പിള്ള (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 7 ബാരൽ | 1967 | 301 | 1967 | 22201274/ 30.3.23 573047 |
| 3 | 237/23 ദിവാകരൻ ഭാഗവതർ പള്ളത്തറ റോഡ് റീടാറിംഗ് | വി.ഒ.ജോസഫ് (റോഡ് മെയിന്റനൻസ് ഗ്രാന്റ്) | 13ബാരൽ | 3653 | 559 | 3653 | 7/23.2.23 600000 |
| ആകെ | | | | | | 7025 | |

മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (7/21.8.23) മറുപടി ലഭ്യമാക്കിയില്ല. കാലിവീപ്പയുടെ വില, ജി.എസ്.ടി എന്നിവ കുറവ് ചെയ്യാതിരുന്നതുമൂലം കരാറുകാരന് അധികം നൽകിയ 7025/-രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

3-2 തൊഴിലുറപ്പ് പദ്ധതി - പ്രവൃത്തി പൂർത്തിയായതിന് ശേഷമുള്ള തിയതിയിൽ മസ്റ്റർ റോൾ തയ്യാറാക്കി കൂലി വിതരണം ചെയ്തു

വർക്ക് കോഡ് - RC/357184

എം.എൽ.എ നെടുന്താറ്റ് റോഡ് മെറ്റലിംഗ്

അടങ്കൽ-461868/- ചെലവ് - 458042, FTO-161758/23.3.2023

മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരൻ-എസ്. അനന്തപൈ

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ, സൈറ്റ് ഡയറി പ്രകാരം 27.12.22ൽ റോഡ് മെറ്റലിംഗ് പ്രവൃത്തി പൂർത്തിയായിട്ടുള്ളതായാണ് ഓവർസീയർ, തൊഴിലുറപ്പ് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇതിന് ശേഷം 31.1.23, 01.2.23 എന്നീ തീയതികളിൽ വീണ്ടും മസ്റ്റർ റോളിൽ പ്രവൃത്തി ചെയ്തതായി രേഖപ്പെടുത്തി (സ്കിൽഡ് ലേബർ) 8 തൊഴിലാളികൾക്ക് 600/- രൂപ നിരക്കിൽ 6400/- രൂപ നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തിയായ ശേഷം വീണ്ടും കൂലി

നൽകിയത് അംഗീകരിക്കാവുന്നതല്ല. ക്രമരഹിതമായി ചെലവഴിച്ച 6400/- രൂപ ഉത്തരവാദികളായ അസിസ്റ്റന്റ് എഞ്ചിനീയർ (തൊഴിലുറപ്പ് വിഭാഗം), അസിസ്റ്റന്റ് സെക്രട്ടറി എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (12/21.8.23) മറുപടി ലഭ്യമാക്കിയില്ല.

## 3-3 തൊഴിലുറപ്പ് പദ്ധതി - എർത്ത് ഫില്ലിംഗ് കൺസോളിഡേഷൻ കുറവ് ചെയ്തില്ല

തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കിയ താഴെ പറയുന്ന റോഡ് മെറ്റലിംഗ് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ഫില്ലിംഗ് വിത്ത് കോൺട്രാക്ടേഴ്സ് ഓൺ എർത്ത് എന്നയിനത്തിന്റെ അളവ് രേഖപ്പെടുത്തിയതനുസരിച്ച് യാതൊരു വിധ കൺസോളിഡേഷൻ സാക്ഷ്യപത്രങ്ങളും രേഖപ്പെടുത്തുകയോ ടേപ്പ് മെഷർമെന്റ് വ്യത്യാസം 10% കുറവ് ചെയ്യാതെയുമാണ് ഫൈനൽ ബിൽ തയ്യാറാക്കി 1180/$m^3$ നിരക്കിൽ മൂല്യനിർണ്ണയം നടത്തിയിട്ടുള്ളത്. സി.പി.ഡബ്ള്യു.ഡി സ്പെസിഫിക്കേഷൻ 1.27.1.2 പ്രകാരം ലൈറ്റ് മെക്കാനിക്കൽ മെഷിണറി ഉപയോഗിച്ച് കൺസോളിഡേറ്റ് ചെയ്താൽ 10%വും ഹെവി മെക്കാനിക്കൽ മെഷിണറി ഉപയോഗിച്ച് കൺസോളിഡേറ്റ് (Not Under OMC) ചെയ്താൽ 5%വും കുറവ് ചെയ്ത് മാത്രം മൂല്യനിർണ്ണയം നടത്തേണ്ടതാണ്. എന്നാൽ ഇപ്രകാരം ചെയ്തിട്ടുള്ളതായി കാണുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | എർത്ത് ഫില്ലിംഗ് നടത്തിയ അളവ് | അളവ് പുസ്തകം നമ്പർ/ കരാറുകാരന്റെ പേര് | കൺസോളിഡേഷൻ കുറവ് ചെയ്ത് മൂല്യ നിർണ്ണയം നടത്താവുന്ന അളവ് | നിരക്ക് | നൽകിയ തുക | നൽകാവുന്ന തുക | അധികം | ബിൽ നമ്പർ/ തിയതി |
|---|---|---|---|---|---|---|---|---|
| RC/357184 എം.എൽ.എ നെട്ടന്താറ്റ് റോഡ് മെറ്റലിംഗ് | 175.65$m^3$ | 71/22-23 എസ്. അനന്തപൈ | 158.09$m^3$ | 1180/$m^3$ | 207267 | 186546 | 20721 | ലഭ്യമാക്കിയില്ല |
| RC/359195 ചാരിക്കൽ പൈനിങ്കൽ റോഡ് മെറ്റലിംഗ് | 121.20$m^3$ | 97/22-23 എസ്. അനന്തപൈ | 109.08$m^3$ | 1180/$m^3$ | 143016 | 128714 | 14302 | FTO-16667/ 30.4.2023 |
| ആകെ | | | | | | | 35023 | |

മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള വിധം കൺസോളിഡേഷൻ 10% കുറവ് ചെയ്യാതിരുന്നതുമൂലം കരാറുകാരന് അധികം നൽകിയ 35023/-രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയർ (തൊഴിലുറപ്പ് വിഭാഗം), അസിസ്റ്റന്റ് സെക്രട്ടറി എന്നിവരിൽ നിന്നോ ഈടാക്കേണ്ടതാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (12/21.8.23) മറുപടി ലഭ്യമാക്കിയില്ല.

## 3-4 കരാർ പ്രവൃത്തിക്ക് ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവയ്ക്ക് കരാർ തുകയുടെ 0.2% തുക ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവയ്ക്ക് കരാർ തുകയുടെ 0.2% തുക ഈടാക്കിയതായി കാണുന്നില്ല. പ്രൈസ് 3 സോഫ്റ്റ്‌വെയർ പ്രകാരം വെച്ചിട്ടുള്ള എഗ്രിമെന്റിലെ വ്യവസ്ഥ 12 അനുസരിച്ച് കരാർ തുകയുടെ 0.5% (കുറഞ്ഞത് 2 ലക്ഷം കൂടിയത് 5 ലക്ഷം രൂപ) മൂല്യം വരുന്ന ഇൻഷ്വറൻസ് കരാറുകാരൻ എടുക്കേണ്ടതും ആയത് നിർവ്വഹണ ഉദ്യോഗസ്ഥനെ ഏല്പിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ ഇപ്രകാരം ഇൻഷ്വറൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നമ്പർ | പ്രവൃത്തി | പ്രോജക്ട് നമ്പർ- | കരാറുകാരന്റെ പേര് | പി.എ.സി | 0.2%നിരക്കിൽ ഈടാക്കേണ്ട തുക |
|---|---|---|---|---|---|
| 1 | സെന്റ്മേരീസ് പരദേവതാ റോഡ് റീടാറിംഗ് | 6/23 | പി.പങ്കജാക്ഷൻപിള്ള | 464603 | 929 |
| 2 | കോപ്പായി സ്വാഗതം റോഡ് റീടാറിംഗ് | 5/23 | പി.പങ്കജാക്ഷൻപിള്ള | 489762 | 980 |
| 3 | ദിവാകരൻ ഭാഗവതർ പള്ളത്തറ റോഡ് റീടാറിംഗ് | 237/23 | വി.ഒ.ജോസഫ് | 555003 | 1110 |
| 4 | സ്കൂൾ കെട്ടിടങ്ങളുടെ മെയിന്റനൻസ് | 32/23 | ജെ.തങ്കച്ചൻ | 954190 | 1908 |
| ആകെ | | | | | 4927 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (19/9.8.23) മറുപടി ലഭ്യമാക്കിയില്ല. ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും കരാർ തുകയുടെ 0.2% നിരക്കിൽ ഫൈൻ ഈടാക്കാതിരുന്നതുമൂലം നഷ്ടമായ 4927/-രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 600000 | ഭിന്നശേഷി സ്കോളർഷിപ്പ് | 600000 | |
| | | 60000 | സാന്ത്വനപരിചരണ പദ്ധതി | 60000 | |
| | | 590000 | ലൈഫ് വീട് നിർമ്മാണം ജനറൽ | 590000 | |
| | | 86086 | പാലിന് സബ് സിഡി | 86086 | |
| | | 100000 | ആശ്രയപദ്ധതി | 100000 | |
| | | | | | |
| TOTAL | | 1436086 | | 1436086 | |
| ജില്ലാപഞ്ചായത്ത് | 2022-23 | 300000 | 17-ാം വാർഡിൽ തെരുവ് വിളക്ക് എക്സ്റ്റൻഷൻ | 300000 | |
| | | 179900 | ഭിന്നശേഷി വിഭാഗക്കാർക്ക് | 179900 | |

| | | | | | |
|---|---|---|---|---|---|
| | | | സ്കോളർഷിപ്പ് | | |
| | | 198428 | അംഗൻവാടി പോഷകാഹാരം | 198428 | |
| | | 420000 | ലൈഫ്ഭവന പദ്ധതി | 420000 | |
| | | 310000 | സമ്പൂർണ്ണ പാർപ്പിടപദ്ധതി | 310000 | |
| | | 250000 | പാലിന് സബ് സിഡി | 250000 | |
| | | 200000 | ആശ്രയ പദ്ധതി | 200000 | |
| | | 50000 | ചെല്ലേഴത്ത് ഭാഗം സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 50000 | |
| | | 99981 | പനത്തറക്കരി കായൽ റോഡ് തെരുവ് വിളക്ക് എക്സ്റ്റൻഷൻ | 99981 | |
| | | 99977 | ഗാന്ധിനഗർ അണിയന്തറ റോഡ് | 99977 | |
| TOTAL | | 2108286 | | 2108286 | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെപറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക്നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | | | |
| കെ.എസ്.ഇ.ബി | 17-ാം വാർഡ് തെരുവ് വിളക്ക് എക്സ്റ്റൻഷൻ | XVFC/22-23/ P/14/23.11.22 | 600000 | | 600000 |
| | | | | | |
| | ചെല്ലേഴത്ത് ഭാഗം സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | XVFC/22-23/ P/44/30.03.23 | 100000 | 0 | 100000 |
| | | | | | |
| | പനത്തറക്കരി കായൽ റോഡ് സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | XVFC/22-23/ P/42/30.04.23 | 199981 | 0 | 199981 |
| | | | | | |
| | ഗാന്ധിനഗർ അണിയന്തറ റോഡ് | XVFC/22-23/ P/41/30.03.23 | 199977 | 0 | 199977 |

| | | | | | |
|---|---|---|---|---|---|
| | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | | | | |
| | പി.എസ്.എച്ച്.എസ് ശാസ്താംകുളം സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | XVFC/22-23/ P/14/23.11.22 | 36415 | 0 | 36415 |
| | | | 1136373 | | 1136373 |

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെകൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| HUDCO | | 0 | 60358748 | 5884468 | | 54474280 |

4-5 സ്ഥിരനിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | | 42932666 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 35817521 |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | 14,418/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 53375 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1478391 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 14,418/- | | ശ്രീമതി.ശ്രീദേവി.കെ.ജി, സെക്രട്ടറി |
| 3-1 | | 7025 | ശ്രീമതി.പ്രസീജ ആർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 6400 | ശ്രീമതി. ശ്രീലക്ഷ്മി, അക്രഡിറ്റഡ് എഞ്ചിനീയർ ശ്രീമതി.ജയശ്രീ എം, അസിസ്റ്റന്റ് സെക്രട്ടറി |
| 3-3 | | 35023 | ശ്രീമതി. ശ്രീലക്ഷ്മി, അക്രഡിറ്റഡ് എഞ്ചിനീയർ ശ്രീമതി.ജയശ്രീ എം, അസിസ്റ്റന്റ് സെക്രട്ടറി |
| 3-4 | | 4927 | ശ്രീമതി.പ്രസീജ ആർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 14418 | 53375 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 122580 | ശ്രീമതി.ശ്രീദേവി.കെ.ജി, സെക്രട്ടറി |
| 1-33 | 1098111 | ശ്രീമതി.ശ്രീദേവി.കെ.ജി, സെക്രട്ടറി |
| 1-34 | 257700 | ഡോ.ലക്ഷ്മി മോഹൻ മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| ആകെ | 1478391 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 1290 | ശ്രീമതി.പ്രസീജ ആർ,അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-29 | 6234 | ശ്രീമതി. ശ്രീലക്ഷ്മി,അക്രഡിറ്റഡ് എഞ്ചിനീയർ ശ്രീമതി.ജയശ്രീ എം,അസി.സെക്രട്ടറി |
| 1-30 | 35023 | ശ്രീമതി. ശ്രീലക്ഷ്മി,അക്രഡിറ്റഡ് എഞ്ചിനീയർ ശ്രീമതി.ജയശ്രീ എം,അസി.സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ശ്രീദേവി.കെ.ജി സെക്രട്ടറി | സെക്രട്ടറി, ചേന്നംപള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് | രാഘവീയം, നദുവത്ത് നഗർ, ചേർത്തല |
| ഡോ.ലക്ഷ്മി മോഹൻ, മെഡിക്കൽ ഓഫീസർ, PHC | മെഡിക്കൽ ഓഫീസർ, PHC, ചേന്നംപള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് | ഗോവിന്ദം CMC-3, കിഴക്കേനാൽപ്പത്, കുറുപ്പൻ കുളങ്ങര പി.ഒ, ചേർത്തല |
| ശ്രീമതി. പ്രസീജ ആർ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ഹരിപ്പാട് മുനിസിപ്പാലിറ്റി | വസുമതിയമ്മ മെമ്മോറിയൽ ബിൽഡിംഗ്, നെട്ടുമ്പ്രക്കാട്, ചേർത്തല |
| ശ്രീമതി. ശ്രീലക്ഷ്മി, അക്രഡിറ്റഡ് എഞ്ചിനീയർ | അക്രഡിറ്റഡ് എഞ്ചിനീയർ, ചേന്നംപള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് | പടിഞ്ഞാറേതമ്പുരാങ്കൽ, പള്ളിപ്പുറം പിഒ, ചേർത്തല |
| ശ്രീമതി.ജയശ്രീ എം, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, ചേന്നംപള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് | കുട്ടുങ്കൽ, ചേർത്തല |

4-10 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 മുതൽ 2005-06 വരെ | എൽ .എഫ്.ജി.എ 5 -1832/11 തീയതി 20.01.2012 |
| 2006-07 | എൽ .എഫ്..എ16-943/10 തീയതി 18-03-11/31.03.2011 |
| 2007-08 | എൽ .എഫ്..എ16-944/10 തീയതി 18-03-11/31.03.2011 |
| 2008-09 | എൽ .എഫ്.എ.പി-9- 1340/11 തീയതി 18-4-11/03.07.2012 |
| 2009-10 | എൽ .എഫ്.എ.പി-9- 1341/11 തീയതി 18-4-11/03.07.2012 |
| 2010-11 &11-12 | കെ.എസ്.എ-എ.എൽ.പി-പി1/1232/2022 തീയതി 30-11-2022 |
| 2012-13 | കെ.എസ്.എ-എ.എൽ.പി-പി1/1232/2022 തീയതി 30-11-2022 |
| 2013-14 | കെ.എസ്.എ-എ.എൽ.പി-പി1/1232/2022 തീയതി 30-11-2022 |
| 2014-15 | കെ.എസ്.എ-എ.എൽ.പി-പി1/1232/2022 തീയതി 30-11-2022 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി1/1232/2022 തീയതി 30-11-2022 |
| 2016-17 | കെ.എസ്.എ-എ.എൽ.പി-പി1/1232/2022 തീയതി 30-11-2022 |
| 2017-18 | കെ.എസ്.എ-എ.എൽ.പി-പി1/1232/2022 തീയതി 30-11-2022 |
| 2018-19 | കെ.എസ്.എ-എ.എൽ.പി-പി1/1232/2022 തീയതി 30-11-2022 |

| | |
|---|---|
| 2019-20 | കെ.എസ്.എ. എ.എൽ.പി പി.1- 195/2022 തീയതി 27.03.2022 |
| 2020-2021 | കെ.എസ്.എ. എ.എൽ.പി പി.1- 718/2022/തീയതി 16.07.2022 |
| 2021-2022 | കെ.എസ്.എ. എ.എൽ.പി പി.1- 74/2023/തീയതി 23.02.2023 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 24-07-2023 and submitted on 24-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Chennam Pallippuram Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Chennam Pallippuram Grama Panchayat for the year 2022-2023

Date: 08/11/2023

Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Chennam Pallippuram Grama Panchayat for the Year 2022-2023.

#### 1.Major Observations

Nil

#### 2.Other Observations

1) The mandatory financial statements such as ratios, notes on accounts prescribed in accounting rules are not submitted for audit.

2) Cash flow statement -Net increase / decrease in cash flow does not match with the differernce between the opening and closing balance of cash and cash equivalens.

3) The collection amount as per DCB in the Rent register do not match with the Annual Finance Statement

4)Demand entries are not recorded in the property tax, Profession Tax ledger at the beginning of the

year

and every month thereafter. A demand entry is recorded in the ledger only at the end of the year.

5)The Collection of Property Tax as per Annual Account does not match with the entries from Sanjaya Software

D.C.B Statement.

6) Central Finance Commission Grant- Total expenditure under ACR, Schedule I-6 of AFS and Sulekha are not reconciled.

7) The asset register is not updated by including the assets acquired during the year.

.
.
.
.
.

Deputy Director

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്